# വ്യാപാരകേരളം

വ്യാപാര-വ്യവസായ കേരളത്തിന്റെ ഓൺലൈൻ മുഖമാസിക

ലക്കം 1 | പേജുകൾ 21 | ഏപ്രിൽ 2019



വ്യാപാരലോകവും ലോക്സഭ തെരഞ്ഞെടുപ്പും

ഒരുങ്ങാം സാമ്പത്തിക വർഷത്തിൽ

മഷിനോട്ടം

എൻ. ബി. എഫ്. സികളുടെ ഭാവി

## ജോസ് ആലുക്ക

ചെയർമാൻ, ജോസ് ആലുക്കാസ് ജ്വല്ലറി ഗ്രൂപ്പ്

വ്യാപാരകേരളത്തിന്റെ മുഖശ്രീ

# എഡിറ്റോറിയൽ

**വ്യാ**പാര-വ്യവസായ കേരളത്തിന്റെ ഓൺലൈൻ മുഖമാസിക എന്നതാണ് വ്യാപാരകേരളം.കോമിന്റെ പ്രഖ്യാപിത ലക്ഷ്യം. വാർത്താധിഷ്ഠിതമായ വർത്തമാന പത്രങ്ങളുടെ പ്രവർത്തനരീതിയല്ല ഞങ്ങൾ ലക്ഷ്യം വെക്കുന്നത്. ഒരു വാർത്തയോ സംഭവമോ ബിസിനസ് സമൂഹത്തെ എവ്വിധം സ്വാധീനിക്കുമെന്നതിന്റെ പുറം ചിന്തകളായിരിക്കും വ്യാപാരകേരളം അനാവരണം ചെയ്യുക.

പുതുസംരംഭകർക്ക് വിജ്ഞാനപ്രദമായ നിയമ-സാങ്കേതിക അറിവുകൾ മാസികയിൽ ഉൾപ്പെടുത്തുന്നുണ്ട്. കഠിനപ്രയത്നത്തിലൂടെ പടിപടിയായ വളർച്ച സാധ്യമാക്കിയ ചെറുകിട വ്യവസായ രംഗത്തെ പ്രതിഭകളെയും മാസിക പരിചയപ്പെടുത്തുന്നു.

വ്യാപാര-വ്യവസായരംഗത്ത് നിലയുറപ്പിച്ച ഏറെപ്പേർക്കും, നികുതി-നിയമ-സാങ്കേതിക വിഷയങ്ങളിൽ സംശയങ്ങൾ ഉണ്ടാകാറുണ്ട്. ഇവരുടെ സംശയനിവൃത്തി മാസിക സാധ്യമാക്കും. വിപണിയിലും അനുബന്ധ മണ്ഡലങ്ങളിലും പ്രാവീണ്യം തെളിയിച്ച വിദഗ്ധരുടെ ലേഖനങ്ങളും സംഭാഷണങ്ങളും മാസികയിൽ പ്രസിദ്ധപ്പെടുത്തും. ഓരോ മേഖലയിലും സംഭവിക്കുന്ന നവീന അറിവുകൾ വായനക്കാരന് പകരുവാൻ ഇത് വഴിയൊരുക്കും.

ഉപരിപ്ലവമായ വ്യഥാപദ വ്യായാമം നിർവഹിക്കുകയല്ല; മറിച്ച് വരികൾക്കിടയിലെ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നതിലൂടെ വ്യാപാര-വ്യവസായ സമൂഹത്തിന് ശുഭസൂചനകളും മാന്ദ്യസാധ്യതകളും വിപത് സൂചകങ്ങളും നൽകുവാൻ പ്രാപ്തമാകുന്ന അവതരണമായിരിക്കും മാസിക പിന്തുടരുക.

ജയ-പരാജയ സാധ്യതകൾ ഒരുപോലെ മുൾമുനകൾ തീർത്തിട്ടുള്ള ദുർഘടപാത സഞ്ചാരത്തിന് തെരഞ്ഞെടുത്ത ബിസിനസ് സമൂഹം, മുൻസൂചനകളുടെ പേരിൽ തന്നെ വർധിച്ച ഉത്കണ്ഠ പേറുന്നുണ്ട്. എന്നിട്ടും, ഇതു തങ്ങളുടെ പാതയെന്ന് ഉറപ്പിച്ച് കുതിക്കുന്നവർക്കൊപ്പം നിലയുറപ്പിക്കുന്ന സമീപനമായിരിക്കും മാസികയുടേത്.

**-സി.ആർ.രാജൻ,**
മാഗസിൻ എഡിറ്റർ


Contact Us
ഓഫീസ്:
**വ്യാപാരകേരളം.കോം**
**(ഓൺലൈൻ ബിസിനസ് മാസിക)**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

മാഗസിൻ എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**



# 65,000 കോടി പൊടിക്കുന്ന ജനാധിപത്യ മാമാങ്കം



ഫ്രാങ്കോ ലൂയിസ്

**ലോ**കത്തെ ഏറ്റവും വലിയ ജനാധിപത്യ വോട്ടെടുപ്പ് ഏറ്റവും വലിയ സാമ്പത്തിക ഇടപാടുകൂടിയാണ്. 135 കോടി ജനങ്ങളുള്ള ഇന്ത്യയിലെ 90 കോടി വോട്ടർമാർ പോളിംഗ് ബൂത്തുകളിലെത്തുകയാണ്. പതിനേഴാം ലോക്സഭയിലേക്കു 543 പാർലമെന്റംഗങ്ങളെയാണു തെരഞ്ഞെടുക്കുന്നത്.

ഈ തെരഞ്ഞെടുപ്പിനു കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ചെലവാക്കുന്ന തുക അമ്പതിനായിരം കോടി രൂപ. 2016 ൽ അമേരിക്കൻ പ്രസിഡന്റ്, അമേരിക്കൻ കോൺഗ്രസ് തെരഞ്ഞെടുപ്പിനു ചെലവായത് 44,000 കോടി രൂപ (650 കോടി ഡോളർ) ആയിരുന്നു.

തെരഞ്ഞെടുപ്പിൽ മൽസരിക്കുന്ന സ്ഥാനാർഥികളും പാർട്ടികളും ഒഴുക്കേണ്ട കോടികളുടെ കണക്കു വേറെയാണ്. മുഖ്യ പാർട്ടികളുടെ സ്ഥാനാർഥികൾ പ്രചാരണത്തിനായി ചെലവാക്കുന്നത് ആറു മുതൽ പത്തുവരെ കോടി രൂപയാണ്. ചെറിയ പാർട്ടികളുടെ സ്ഥാനാർഥികളും സ്വതന്ത്രരും ചെലവാക്കുന്ന തുക ഇതിനു പുറമേയാണ്. 543 ലോക്സഭാ സീറ്റുകളിൽ മിക്കയിടത്തും ത്രികോണ മൽസരമാണ്. മൂന്നു പ്രധാന സ്ഥാനാർഥികൾ എട്ടു കോടി രൂപ വീതം ചെലവാക്കും. സ്ഥാനാർഥികളും പാർട്ടികളും പ്രചാരണത്തിന് പതിമൂവായിരം കോടിയിലേറെ രൂപ ചെലവാക്കേണ്ടിവരും.

ഇതോടൊപ്പം നാലു സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്കും വോട്ടെടുപ്പു നടക്കുന്നു. ആന്ധ്രപ്രദേശ്, അരുണാചൽ പ്രദേശ്, ഒഡീഷ, സിക്കിം എന്നീ സംസ്ഥാനങ്ങളിൽ. നിയമസഭാ സ്ഥാനാർഥികൾക്കും ഓരോ കോടി രൂപ നിരക്കിൽ പ്രചാരണച്ചെലവു വരും.

പബ്ലിസിറ്റി കൺസൾട്ടന്റുമാർ മുതൽ ബാനർ എഴുത്തുകാർ വരെയുള്ളവർക്കു പിടിപ്പതു പണിയുണ്ട്, പണവും കിട്ടും. ടാക്സി ഡ്രൈവർമാർ, സൗണ്ട് ഓപറേറ്റർമാർ, അച്ചടിശാലകൾ, കൊടിതോരണ ഇടപാടുകൾ, ഭക്ഷണ പാനീയശാലകൾ തുടങ്ങിയ മേഖലയിലെല്ലാം തെരഞ്ഞെടുപ്പു പ്രചാരണം ഉത്തേജനം പകരും.

തെരഞ്ഞെടുപ്പ് ഇങ്ങനെ ഇന്ത്യൻ വിപണിയിലേക്കു പമ്പു ചെയ്യുന്നത് അറുപത്തയ്യായിരത്തിലേറെ കോടി രൂപയാണ്. ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ ഇതു കൂടുതൽ ചലനാത്മകമാക്കും. കറൻസി നിരോധനവും ജിഎസ്ടിയും തളർത്തിയിരുന്ന വിപണിയെ ഉണർത്തും. ക്രയവിക്രയങ്ങൾ വർധിക്കും.

ആദ്യഘട്ടം വോട്ടെടുപ്പ് ഏപ്രിൽ 11 ന്. ഏഴാം ഘട്ട വോട്ടെടുപ്പ് മേയ് 19 ന്. വോട്ടെണ്ണലും ഫലപ്രഖ്യാപനവും മേയ് 23 നാണ്. സൈന്യവും പോലീസും ഉൾപ്പെടെ ഒരു കോടി ഉദ്യോഗസ്ഥരാണ് തെരഞ്ഞെടുപ്പിനു മേൽനോട്ടം വഹിക്കുന്നത്.

ആദ്യത്തെ തെരഞ്ഞെടുപ്പു നടന്ന 1951– 52 ൽ 17.3 കോടി വോട്ടർമാർക്കായി 1.96 ലക്ഷം പോളിംഗ് ബൂത്തുകളേ ഉണ്ടായിരുന്നുള്ളൂ. തെരഞ്ഞെടുപ്പു ചെലവ് വെറും പതിനയ്യായിരം കോടി രൂപയായിരുന്നു. കഴിഞ്ഞ തവണ 38,070.3 കോടി രൂപയായിരുന്നു ചെലവ്. ഇപ്പോൾ 90 കോടി വോട്ടർമാർക്കായി 10.35 ലക്ഷം പോളിംഗ് ബൂത്തുകളുണ്ട്. തെരഞ്ഞെടുപ്പിനായി ഔദ്യോഗിക സംവിധാനങ്ങൾ മാസങ്ങൾക്കു മുമ്പേ കർമനിരതരാകാൻ തുടങ്ങിയതാണ്. വോട്ടർപട്ടിക സജ്ജമാക്കൽ, പരിശോധനകൾ മുതൽ അനേകായിരം ജോലികളുണ്ട്.

കഴിഞ്ഞ തവണ ലോക്സഭാ തെരഞ്ഞെടുപ്പിൽ മൽസരിച്ചത് ചെറുതും വലുതുമായ 464 പാർട്ടികൾ. മൊത്തം 8,251 പേരാണു മൽസരിച്ചത്.

നരേന്ദ്രമോദി സർക്കാരിന്റെ അഞ്ചു വർഷത്തെ ഭരണം വിലയിരുത്തപ്പെടുകയാണ്. ഓരോരുത്തരുടേയും മനസിൽ ആ വിലയിരുത്തലുകൾ രൂപപ്പെട്ടു കഴിഞ്ഞു. ഈ ഭരണം തുടർന്നാൽ വികസനവും സമ്പൽ സമൃദ്ധിയും കൈവരിക്കുമെന്നു പ്രതീക്ഷിക്കുന്നവരുണ്ട്. മറിച്ച് തന്റേയും കുടുംബത്തിന്റേയും സമൂഹത്തിന്റേയും ജീവിതം ചവിട്ടിമെതിക്കപ്പെടുമെന്നു ഭയപ്പെടുന്നവരുമുണ്ട്.

## വാഗ്ദാനപ്പെരുമഴ

അവകാശവാദങ്ങളുടെ പ്രളയത്തിനിടയിൽ വാഗ്ദാനപ്പെരുമഴ. വോട്ടർമാരെ വശീകരിക്കാനുള്ള പുത്തൻ മുദ്രാവാക്യങ്ങൾ, പ്രകടനപത്രികകൾ. എല്ലാം ഒന്നിനു പിറകേ ഒന്നായി വരുന്നു.

അഴിമതിയും കള്ളപ്പണവും തുടച്ചുനീക്കുമെന്നും ഓരോ ഇന്ത്യക്കാരന്റേയും ബാങ്ക് അക്കൗണ്ടിലേക്ക് 15 ലക്ഷം രൂപ വീതം തരുമെന്നുമൊക്കെയുള്ള പഴയ വാഗ്ദാനങ്ങൾ ഇന്നും സമൂഹ മാധ്യമങ്ങളിലെ ട്രോളാണ്.

'അസാധ്യമായതെല്ലാം ഇപ്പോൾ സാധ്യം' എ

ന്ന മുദ്രാവാക്യവുമായി നൽകിയ സർക്കാർ പരസ്യത്തിന്റെ തുടർച്ചയാണു ബിജെപിയുടെ മുദ്രാവാക്യം: ’മോദി എല്ലാം സാധ്യമാക്കി.’ ജനങ്ങളുടെ എല്ലാ സ്വപ്നങ്ങളും നേടിക്കൊടുത്തെന്നു സാരം. എല്ലാവർക്കും തൊഴിൽ, മിനിമം വേതനം എന്നതാണു കോൺഗ്രസ് മുദ്രാവാക്യം.

> **‘അസാധ്യമായതെല്ലാം ഇപ്പോൾ സാധ്യം’ എന്ന മുദ്രാവാക്യവുമായി നൽകിയ സർക്കാർ പരസ്യത്തിന്റെ തുടർച്ചയാണു ബിജെപിയുടെ മുദ്രാവാക്യം: ’മോദി എല്ലാം സാധ്യമാക്കി.’ ജനങ്ങളുടെ എല്ലാ സ്വപ്നങ്ങളും നേടിക്കൊടുത്തെന്നു സാരം. എല്ലാവർക്കും തൊഴിൽ, മിനിമം വേതനം എന്നതാണു കോൺഗ്രസ് മുദ്രാവാക്യം.**

മോദിയുടെ ഭരണനേട്ടങ്ങൾ അപാരമാണെന്നാണു ബിജെപിയുടേയും മോദി ഭക്തരുടേയും അവകാശവാദം. ഡിജിറ്റലൈസേഷൻ പണമിടപാടുകൾ സുതാര്യവും എളുപ്പവുമാക്കി. ആധാർബന്ധനംമൂലം കള്ളപ്പണത്തെ നിയന്ത്രിച്ചു. സാമ്പത്തിക സംവരണത്തിലൂടെ മുന്നാക്കസമുദായങ്ങളിലെ ദരിദ്രർക്കു കൈത്താങ്ങായി. സ്വച്ഛ് ഭാരത് പദ്ധതിയിലൂടെ 9.20 കോടി ശുചിമുറികൾ പണിതു, ശുചിത്വ സംസ്കാരം നൽകി. ലോകത്തിലെ ഏറ്റവും വലിയ സൗജന്യ ആരോഗ്യ സംരക്ഷണ പദ്ധതി തുടങ്ങി. വ്യവസായ വികസനവും സാമ്പത്തിക വളർച്ചയും മുതൽ ലോകരാഷ്ട്രങ്ങളുമായുള്ള ബന്ധങ്ങൾ വരെ എല്ലാം സ്വപ്നങ്ങൾക്കുമപ്പുറത്തേക്കും പറന്നുയർന്നെന്നും അവകാശപ്പെടും.

## ആരോപണ പ്രളയം

ഭരണനേട്ടങ്ങളുടെ അവകാശ വാദങ്ങളേക്കാൾ ജനം ഉറ്റുനോക്കുന്നതും കാതോർക്കുന്നതും ആരോപണങ്ങളിലേക്കും പാളിച്ചകളിലേക്കുമാണ്. അനുഭവങ്ങളേക്കാൾ വലിയ പാഠങ്ങളൊന്നും ജനങ്ങൾക്കു മുന്നിലില്ല.

തൊഴിലും വരുമാനവും ഇല്ലാതായാൽ ഓരോ മനുഷ്യനും അവന്റെ തണലിൽ കഴിയുന്ന കുടുംബവും എന്തു ചെയ്യും. തൊഴിലില്ലായ്മ യുവതീയുവാക്കളെ ദുരിതത്തിലാക്കി. ന്യായ വില ലഭിക്കാതെ കർഷകർ കടക്കെണിയിലും ആത്മഹത്യാകുരുക്കിലുമായി.

കറൻസി നിരോധനവും വേണ്ടത്ര ഒരുക്കമില്ലാതെ നടപ്പാക്കിയ ജിഎസ്ടിയുംമൂലം ചെറുകിട സ്ഥാപനങ്ങൾപോലും ഇല്ലാതായി. വാണിജ്യ വ്യവസായ മേഖലയിലെ തകർച്ചയാണു തൊഴിലില്ലായ്മയിലേക്കും സാമ്പത്തിക മാന്ദ്യത്തിലേക്കും നയിച്ചത്. അനേകം സ്ഥാപനങ്ങൾ അടച്ചുപൂട്ടി. ഉന്നത വിദ്യാഭ്യാസത്തിന് അനുസൃതമായ തൊഴിലില്ലാതായി. 4.7 കോടി ജനങ്ങൾക്കു തൊഴിലില്ലാതായെന്നാണു സർവേ റിപ്പോർട്ട്. നാണക്കേടു മൂലം ആ റിപ്പോർട്ട് സർക്കാർ പൂഴ്ത്തി. 45 വർഷത്തെ ചരിത്രത്തിൽ ഏറ്റവും വലിയ തൊഴിലില്ലായ്മ.

കാർഷികോൽപന്നങ്ങൾക്കു വിലയില്ലാതെ കടക്കെണിയിലായ കർഷകരുടെ ആവശ്യം ന്യായവിലയും വിപണിയുമായിരുന്നു. ഉരുളൻകിഴങ്ങും സവാളയും തക്കാളിയും കിലോയ്ക്ക് അമ്പതു പൈസ മുതൽ രണ്ടു രൂപവരെ നിരക്കിൽ വിൽക്കേണ്ടിവന്ന് മുടിഞ്ഞുപോയ അവർ തെരുവിലിറങ്ങി ലോംഗ് മാർച്ചുകൾ നടത്തിയത് ഭരണകൂടത്തെ അസ്വസ്ഥമാക്കി. കർഷകരോഷം അടക്കാൻ ഭൂവുടമകൾക്ക് മോദി നൽകിയത് രണ്ടായിരം രൂപ. പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി എന്ന പദ്ധതിയിലൂടെ വർഷം ആറായിരം രൂപയാണു വാഗ്ദാനം. ഭൂമി പാട്ടത്തിനെടുത്തു കൃഷി ചെയ്യുന്ന അനേകായിരം കർഷകർക്ക് ഈ ആനുകൂല്യങ്ങളൊന്നും ഇല്ല.

എതിരഭിപ്രായമുള്ളവർ പാക്കിസ്ഥാനിലേക്കു പോകട്ടെയെന്ന ആക്രോശങ്ങൾ പെരുകി. പൗരത്വ നിയമം പാസാക്കി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ 60 ലക്ഷം പേരെ ഇന്ത്യക്കാരല്ലാതാക്കി.

റിസർവ് ബാങ്ക്, സിബിഐ, കോടതികൾ തുടങ്ങിയ ഭരണഘടനാ സ്ഥാപനങ്ങളിലേക്കു കടന്നു കയറ്റം. അനുസരിക്കാത്ത മേധാവികളെ പുകച്ചു പുറത്താക്കി.

റാഫാൽ യുദ്ധവിമാന ഇടപാടിൽ അഴിമതി ആരോപണം. മുപ്പതിനായിരം കോടി രൂപയുടെ കരാർ അംബാനിക്കു നൽകിയതിൽ ക്രമക്കേടുണ്ടെന്നാണ് ആക്ഷേപം. രാജ്യത്തെ ആറു വിമാനത്താവളങ്ങൾ അദാനിക്കു വിട്ടുകൊടുക്കുന്നതിന് എതിരേയും പ്രചാരണം. പുൽവാമ ഭീകരാക്രണവും തിരികേയുള്ള ഇന്ത്യയുടെ വ്യോമാക്രമണവുമെല്ലാം വിവാദമായി.

കോടിക്കണക്കിനു രൂപ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് വിദേശത്തേക്കു മുങ്ങിയ വൻ വ്യവസായികളായ വിജയ് മല്യ, നീരവ് മോദി, മെഹുൽ ചോക്സി തുടങ്ങിയവരുടെ വിശേഷങ്ങളും നമുക്കറിയാം. ഇവരെയെല്ലാം തിരികെയെത്തിച്ച് നിയമത്തിനു മുന്നിൽ കൊണ്ടുവരാനാണു ശ്രമം. ഉന്നതരുടെ ഒത്താശയോടെയാണ് ഇവരെല്ലാം മുങ്ങിയത്. ഇന്ധനത്തിന്റേയും പാചകവാതകത്തിന്റേയും വിലവർധനയ്ക്കെതിരേ സമരം നയിച്ചവർ ഭരണത്തിലെത്തിയപ്പോൾ വിലവർധന അനുദിനമാക്കി. കറൻസി നിരോധനവും ജിഎസ്ടിയും ആധാർ ബന്ധനവും മൂലം അന്നം നഷ്ടപ്പെട്ടവർ അനേകം ലക്ഷങ്ങളാണ്.

എല്ലാം കണ്ട് ലോകത്തിലെ ഏറ്റവും വലുതെന്ന് അറിയപ്പെടുന്ന മുവായിരം കോടി രൂപയുടെ പട്ടേൽ പ്രതിമ ഗുജറാത്തിലെ നർമദ തീരത്തുനിന്നു ചിരിക്കുന്നു.



# നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികൾ; ഒരവലോകനം




**ടി.എസ്.അനന്തരാമൻ**
കാത്തലിക് സിറിയൻ ബാങ്ക്
മുൻ ചെയർമാൻ


കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായാണ് തൃശൂർ അറിയപ്പെടുന്നത്. സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്ന അക്കാദമികളുടെ ആസ്ഥാനം തൃശൂരായതുകൊണ്ടാണ് അങ്ങനെയൊരു ലേബൽ തൃശൂരിന് ചാർത്തികിട്ടിയത്.

കേരളത്തിന്റെ സാമ്പത്തിക തലസ്ഥാനം ഏതെന്ന് ചോദിച്ചാൽ, അതിന്റെയും ഉത്തരം തൃശൂർ എന്നായിരിക്കും. നാല് പ്രമുഖ ബാങ്കുകളുടെ ആസ്ഥാനം തൃശൂരാണ്. സൗത്ത് ഇന്ത്യൻ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, ധനലക്ഷ്മി ബാങ്ക്, ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എന്നിവയാണ് അവ.

ഇതിനു പുറമെ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ) എന്ന അർധസർക്കാർ സ്ഥാപനത്തിന്റെ ഹെഡ് ഓഫീസ് തൃശൂരുണ്ട്. ഇന്ത്യയിൽതന്നെ ഏവരും ഉറ്റുനോക്കുംവിധം നല്ല പ്രവർത്തനം കാഴ്ചവെക്കുന്ന മണപ്പുറം ഫിനാൻസിന്റെ ഭരണകേന്ദ്രം തൃശൂരാണ്. കുറികമ്പനികളുടെ ഈറ്റില്ലമായും തൃശൂർ അറിയപ്പെടുന്നു.

കുറികമ്പനികളുടെ പ്രവർത്തനത്തിൽ മാന്ദ്യം വന്നതോടെ, ബാങ്കിംഗ് ഇതര ഫിനാൻസ് സ്ഥാപനങ്ങളിൽ പലതും NBFC കളായി രൂപാന്തരം ചെയ്യപ്പെട്ടതും നാം തൃശൂരിൽ കണ്ടു. ഇത്തരുണത്തിൽ, എന്താണ് NBFC കളെന്നും അവയുടെ ഭാവി എന്തെന്നും പരിശോധിക്കുന്നത് ഉചിതമായിരിക്കും.

നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികളെന്ന NBFC കൾക്ക് ശോഭനമായ സാധ്യതകളുണ്ടെന്ന് പറയാതെ വയ്യ. നൂറുകണക്കിന് ബ്ലേഡ് ഫിനാൻസ് സ്ഥാപനങ്ങൾ തൃശൂരിൽ പൊട്ടിമുളച്ച ഒരു കാലം ഏവരും ഓർക്കുമല്ലോ. അർഹിക്കുന്ന പതനം നേരിട്ട ഇത്തരം സ്ഥാപനങ്ങൾക്കും ബാങ്കുകൾക്കും ഇടയിലാണ് NBFC കളുടെ സ്ഥാനം. സങ്കീർണമായ രീതികൾ അവലംബിക്കുന്ന ബാങ്കുകളിൽനിന്നും ഒരു വായ്പ പാസാക്കി കിട്ടുവാൻ എടുക്കുന്ന സമയത്തിന്റെ ദൈർഘ്യം, ചെറുകിട കച്ചവടക്കാരെ നോൺ ബാങ്കിംഗ് സ്ഥാപനങ്ങളിലേക്ക് അടുപ്പിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം സ്ഥാപനങ്ങളുടെ സ്വീകാര്യതയും ഏറെ വർധിക്കുന്നു.

നമ്മുടെ സാമ്പത്തിക വ്യവസ്ഥിതിയിൽ NBFCകൾക്ക് ഇനിയും സ്പേസ് ഉണ്ടെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. ഒരു നിയന്ത്രിത വലയത്തിനകത്താണ് ഇവ പ്രവർത്തിക്കുന്നതെങ്കിലും NBFC മാനേജ്മെന്റുകൾ ശ്രദ്ധിക്കേണ്ടുന്ന ഏ

താനും സൂചകങ്ങൾ താഴെ കൊടുക്കുന്നു.

**1. കാപ്പിറ്റൽ അഡിക്വസി:** മൂലധന പര്യാപ്തതയാണ് ഏറ്റവും പ്രധാനപ്പെട്ടത്. കാലാനുസൃതമായി മൂലധനം വർധിപ്പിക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനചരിത്രവും വളർച്ചയും പരിശോധിച്ചാൽ ഒരാൾക്കത് മനസിലാക്കാൻ സാധിക്കും.

**2. ഡിസിപ്ലിൻ.** ചിട്ടയോടെയുള്ള പ്രവർത്തനശൈലി. സംവിധാനം കൃത്യതയോടെ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ഏതു പ്രിയപ്പെട്ടവൻ വന്നാലും, ചിട്ടയോടെ, സാധാരണ നടത്തേണ്ടുന്ന അവലോകങ്ങൾക്കു ശേഷം മാത്രം വായ്പ അനുവദിക്കുന്ന ഡിസിപ്ലിൻ NBFCകൾ പിന്തുടരേണ്ടതുണ്ട്.

**3. വ്യവസ്ഥകളോടുള്ള വിധേയത്വം:** റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, സെബി എന്നിവ നിയന്ത്രണാധികാരമുള്ള സ്ഥാപനങ്ങളാണ്. ഇവയുടെ ചട്ടങ്ങൾക്കനുസൃതമായി വേണം ഒരു ബിസിനസ് സ്ഥാപനം പ്രവർത്തിക്കേണ്ടത്. വ്യവസ്ഥകളോട് നൂറുശതമാനം വിധേയത്വം പുലർത്തേണ്ടതുണ്ട്. സ്ഥാപനത്തിന്റെ വളർച്ചയെ അത് സഹായിക്കും.

നിർബന്ധിക്കപ്പെടുന്നതുകൊണ്ടാണ് ഇന്ന് പല സ്ഥാപനങ്ങളും ഓഡിറ്റിനു വിധേയമാകുന്നത്. ആ മനോഭാവം മാറേണ്ടതുണ്ട്. ഓഡിറ്റ് ഒരു സ്വാഭാവിക ശീലമായി മാറ്റിയെടുക്കണം. അങ്ങനെയുള്ള സ്ഥാപനങ്ങൾ വളരുമെന്നതിൽ സംശയമില്ല.

**4. അടുത്തത് ടെക്നോളജിയാണ്.** തുണ്ടുകടലാസിലെ ബില്ലെഴുത്ത് എന്ന പഴയരീതി മൺമറഞ്ഞുകഴിഞ്ഞു. സുതാര്യത നൽകുന്ന ടെക്നോളജി ഇന്ന് ബിസിനസ് രംഗം സ്വായത്തമാക്കിയിട്ടുണ്ട്. വിവരലഭ്യത വർധിച്ചതിലൂടെ, സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് അതിവേഗ സാധ്യത ഇന്നുണ്ടായിട്ടുണ്ട്. ഇത് വളർച്ചയെ സഹായിക്കും.

**5. ഇന്നോവേഷൻ.** കാലാകാലങ്ങളിൽ നവീകരണം നടത്തേണ്ടത് ആവശ്യമാണ്. പുതുയുക്തികൾ പ്രയോഗിക്കുകയും നവീന ആശയങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നതിലൂടെ വളർച്ചയിൽ പുതിയ ഉയരങ്ങൾ കണ്ടെത്താൻ സ്ഥാപനങ്ങൾക്ക് കഴിയും.

വസ്തുവിന്റെ ഈടിന്മേൽ വായ്പ അനുവദിക്കുന്നത് സുരക്ഷിത രീതിയായി കരുതുവാൻ ഇന്ന് പ്രയാസമുണ്ട്. കഴിഞ്ഞ നാലഞ്ചുകൊല്ലങ്ങളിൽ വസ്തുവിന്റെ വിലയിൽ വർധന ഉണ്ടായിട്ടില്ലെന്നത് വസ്തുതയാണ്. തിരിച്ചടവ് മുടങ്ങുമ്പോൾ, കിട്ടാക്കടം തിരിച്ചുപിടിക്കാൻ പണയം കിട്ടിയ വസ്തുവിന്റെ വിൽപ്പന മതിയാകാതെ വന്നേക്കാം. കടം നൽകുമ്പോൾ തിരിച്ചു കിട്ടുന്നതിന്റെ ഉറപ്പുകൾ പുതിയ പരിചിന്തനങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്.

**പ്രവർത്തനമികവിലൂടെയും സംവിധാനങ്ങൾ ചിട്ടയോടെ പിന്തുടർന്നും ടെക്നോളജിയുടെ സുതാര്യ സ്വീകരണത്തിലൂടെയും പുതുമകൾ ഉൾക്കൊള്ളുന്ന മാനേജ്മെന്റ് കരുത്തിലൂടെയും NBFC കൾക്ക് വൻ ഉയരങ്ങൾ താണ്ടുവാൻ സാധിക്കും.**

### മൂലധനശേഖരണം

നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മൂലധനശേഖരണം ഇന്ന് ബാലികേറാമലയല്ല. പ്രവർത്തന പാരമ്പര്യവും വളർച്ചയുടെ തോതും ബോധ്യപ്പെടുത്താനായാൽ, വൻതുകകൾ ശേഖരിക്കുവാൻ സാധിക്കുമെന്നതിന് ഏറെ ഉദാഹരണങ്ങൾ ഉണ്ട്.

ഷെയറുകൾ നൽകി കല്യാൺ ജ്വല്ലേഴ്സ് സമാഹരിച്ചത് 1200 കോടി രൂപയാണ്. ആഗോള സ്ഥാപനമായ ഫെയർ ഫാക്സിൽനിന്നും കാത്തലിക് സിറിയൻ ബാങ്കിന് 1200 കോടി നേടിയെടുക്കാനായി. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നപ്പോഴാണ് ബാങ്ക് ഈ നേട്ടം കൈവരിച്ചത്. വളർച്ച സാധ്യമാണെന്ന് ബോധ്യപ്പെടുത്താനായതാണ് ബാങ്കിന് നേട്ടമായത്.

നോൺ ബാങ്കിംഗ് മേഖലയുടെ വിശ്വാസ്യത വർധിക്കുന്നുവെന്നതിന്റെ മറ്റു ചില വസ്തുതകളും പരിശോധിക്കാം. മണപ്പുറം ഫിനാൻസിന്റെ വിപണിമൂല്യം പതിനായിരം കോടി രൂപയാണ്. മുത്തൂറ്റ് ഫിനാൻസിന്റേത് 20000 കോടി. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ബാങ്കുകളുടെ വിപണിമൂല്യവുമായി ഇതൊന്നു താരതമ്യപ്പെടുത്താം.

ഫെഡറൽ ബാങ്കിന്റെ വിപണിമൂല്യം : 13000 കോടി
സൗത്ത് ഇന്ത്യൻ ബാങ്ക് : 2500 കോടി
കാത്തലിക് സിറിയൻ ബാങ്ക് : 2000 കോടി
ധനലക്ഷ്മി ബാങ്ക് : 400 കോടി

ഈ 4 ബാങ്കുകളുടെയും മൊത്തം വിപണിമൂല്യത്തിനു തുല്യമത്രേ മുത്തൂറ്റിന്റെ വിപണിമൂല്യം.

പ്രവർത്തനമികവിലൂടെയും സംവിധാനങ്ങൾ ചിട്ടയോടെ പിന്തുടർന്നും ടെക്നോളജിയുടെ സുതാര്യ സ്വീകരണത്തിലൂടെയും പുതുമകൾ ഉൾക്കൊള്ളുന്ന മാനേജ്മെന്റ് കരുത്തിലൂടെയും NBFC കൾക്ക് വൻ ഉയരങ്ങൾ താണ്ടുവാൻ സാധിക്കുമെന്നാണ് ഇത് തെളിയിക്കുന്നത്.



# പാട്ടുകേൾക്കാം, പാട്ടുംപാടി!

**തേജശ്രീ**

**കാ**സറ്റുകളിൽ പാട്ടുകൾ പകർത്തി നൽകുന്നത് പത്തിരുപതു കൊല്ലംമുമ്പ് ഒന്നാന്തരം ബിസിനസായിരുന്നു. ഒന്നോ രണ്ടോ സിനിമകളിലെ പാട്ടുകൾ അടങ്ങുന്ന ഒറിജിനൽ കാസറ്റിന് ഏകദേശവില 50 രൂപ. പല സിനിമകളിലെ നമുക്ക് ഇഷ്ടമുള്ള പല പാട്ടുകൾ തെരഞ്ഞെടുത്ത് പകർത്തിവാങ്ങാൻ 20 രൂപ. 30 മിനിറ്റിന്റെയോ 90 മിനിറ്റിന്റെയോ ബ്ലാങ്ക് കാസറ്റുകൾ വാങ്ങി ഇങ്ങനെ പകർത്തിയെടുത്താലും പാട്ടുപ്രേമിക്കു ലാഭം. ബിസിനസുകാരന് അതിനേക്കാൾ ലാഭം! അയാളുടെ മുടക്കുമുതൽ ഒരേസമയം ഒന്നിലേറെ കാസറ്റുകളിലേക്ക് പാട്ടുകൾ പകർത്താൻ ശേഷിയുള്ള റെക്കോർഡറും ഓരോ ഒറിജിനൽ കാസറ്റുകളും മാത്രം.

കോംപാക്ട് ഡിസ്ക് യുഗം വന്നപ്പോഴും കാസറ്റു റെക്കോർഡിംഗ് ബിസിനസിന് വലിയ ഇടിവു പറ്റിയിരുന്നില്ല. സിഡിയുടെയും പ്ലേയറിന്റെയും തുടക്കകാലത്തെ വിലതന്നെയായിരുന്നു പ്രധാനകാര്യം. കാസറ്റുകളുടെ ശബ്ദം കുറഞ്ഞത് എംപി3 ഫയലുകളുടെ വരവാണ്. പാട്ടുകളെ ചുരുട്ടിക്കൂട്ടി കുഞ്ഞൻ ഫയലുകളാക്കുകയായിരുന്നു എംപി3. ഒറ്റ സിഡിയിൽ എഴുപതോളം പാട്ടുകൾ ഉൾക്കൊള്ളക്കാവുന്ന സ്ഥിതിവന്നു. സിഡികളുടെ വില കുറഞ്ഞു. പതുക്കെ കാസറ്റുകൾക്ക് ഓലചുരുട്ടിപ്പുഴു ബാധിച്ചു (ടേപ്പിനെ പൊതുവേ ഓല എന്നു പറഞ്ഞിരുന്ന കാലമുണ്ടായിരുന്നല്ലോ!).

മൊബൈൽ ഫോണിന്റെ മെമ്മറികൂടുകയും അതിലേക്ക് വമ്പൻ ശേഷിയുള്ള മെമ്മറി കാർഡുകൾ കയറിക്കൂടുകയും ചെയ്തതോടെ കാസറ്റിന്റെയും സിഡിയുടെയും പതനം പൂർത്തിയായി. ഒപ്പം നിസാര തുകയ്ക്ക് ടൺ കണക്കിന് ഇന്റർനെറ്റ് ഡാറ്റ ലഭ്യമായി. നെറ്റിൽനിന്ന് പാട്ടു ഡൗൺലോഡ് ചെയ്യൽ, യുട്യൂബിൽ പാട്ടുകേൾക്കൽ എന്നിവ ജീവിതത്തിന്റെ ഭാഗമാകുകയും ചെയ്തു. വിപ്ലവം അവിടെയും നിന്നില്ല. സോഷ്യൽ മീഡിയയുടെ വരവും പാട്ടിനൊപ്പംനിന്നു. കൂടെ കിടിലൻ ആപ്പുകളും.

ഇപ്പോൾ ഒരു പാട്ട് ഡൗൺലോഡ് ചെയ്യുക എന്നത് നിസാര കാര്യമാണ്. വാട്ട്സ്ആപ്പ് പോലുള്ള ആപ്ലിക്കേഷനുകൾ വഴി അത് മറ്റൊരാൾക്കോ, നൂറുകണക്കിനു പേരുള്ള ഒരു ഗ്രൂപ്പിലേക്കോ ഷെയർ ചെയ്യാൻ ആകെ വേണ്ടത് ഒന്നോ രണ്ടോ വിരൽസ്പർശംമാത്രം!.

### സ്ട്രോംഗായി സ്ട്രീമിംഗ്

ഇതിനൊക്കെ പുറമേയാണ് മ്യൂസിക് സ്ട്രീമിംഗ് സർവീസുകളുടെ ശക്തമായ സാന്നിധ്യം. ലോകത്തെ വമ്പൻ കമ്പനികളെല്ലാം ഇന്ത്യയിൽ ചുവടുറപ്പിക്കുകയാണ്. ആപ്പിൾ മ്യൂസിക്, ജിയോ സാവൻ, ഹംഗാമാ, ഗാനാ, ആമസോൺ മ്യൂസിക്, ഗൂഗിൾ പ്ലേ മ്യൂസിക്, വിൻക് തുടങ്ങിയവയ്ക്കു പുറമേ ആഗോള ഭീമനായ സ്പോട്ടിഫൈ കഴിഞ്ഞദിവസം ഇന്ത്യയിൽ പ്രവർത്തനം തുടങ്ങി. ഇവയ്ക്കെല്ലാം ഇപ്പോൾ ദശലക്ഷക്കണക്കിന് രജിസ്റ്റേർഡ് യൂസർമാരുണ്ട്.

സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്ന സ്പോട്ടിഫൈ പ്രതിമാസം 119 രൂപ നൽകി പ്രീമിയം മെമ്പർഷിപ് എടുക്കാം. മൊബൈലിലോ ഡെസ്ക്ടോപ്പിലോ ടാബ്ലെറ്റ് പിസിയിലോ സ്ട്രീമിംഗ് സർവീസുകൾ ഉപയോഗപ്പെടുത്താം. ഫ്രീ വെർഷനിൽ പാട്ടുകൾ കേൾക്കാൻ മാത്രം സൗകര്യമുള്ളപ്പോൾ പ്രീമിയം ഡൗൺലോഡിംഗ് കൂടി ഉൾപ്പെടുന്നതാണ്. പരസ്യമേഖലയ്ക്ക് വലിയ സൗധ്യതകളാണ് സൗജന്യ സ്ട്രീമിംഗ് സർവീസുകളിലൂടെ ലഭിക്കുന്നത്.

ഇന്ത്യയിലെ റെക്കോർഡഡ് സംഗീത വ്യവസായ രംഗം ഏതാണ്ട് 850 കോടി രൂപ മൂല്യമുള്ളതാണ്. ഇതിൽ സ്ട്രീമിംഗ് കമ്പനികൾ വലിയ നേട്ടമാണുണ്ടാക്കുന്നത്. പ്രതിമാസം ചെറിയ തുക മുടക്കാൻ സംഗീതപ്രേമികൾക്കു മടിയില്ലെന്നത് ഈ രംഗത്തിന് ഉണർവുമേകുന്നു. ഓരോ കമ്പനികളും ഈടാക്കുന്ന പ്രതിമാസ നിരക്കുകൾ ഏകദേശം താഴെ കാണുന്ന വിധമാണ്:

**ആപ്പിൾ മ്യൂസിക്, ജിയോ സാവൻ, ഹംഗാമാ, ഗാനാ, ആമസോൺ മ്യൂസിക്, ഗൂഗിൾ പ്ലേ മ്യൂസിക്, വിൻക് തുടങ്ങിയവയ്ക്കു പുറമേ ആഗോള ഭീമനായ സ്പോട്ടിഫൈ കഴിഞ്ഞ ദിവസം ഇന്ത്യയിൽ പ്രവർത്തനം തുടങ്ങി. ഇവയ്ക്കെല്ലാം ഇപ്പോൾ ദശലക്ഷക്കണക്കിന് രജിസ്റ്റേർഡ് യൂസർമാരുണ്ട്.**

| | |
|---|---|
| സ്പോട്ടിഫൈ | - 119 രൂപ |
| ആപ്പിൾ മ്യൂസിക് | - 120 രൂപ |
| ജിയോ സാവൻ | - 99 രൂപ |
| ആമസോൺ മ്യൂസിക് | - പ്രതിവർഷം 999 രൂപ (പ്രൈം മെമ്പർമാർക്ക് സൗജന്യം). |
| ഗാനാ | - 99 രൂപ |
| ഗൂഗിൾ പ്ലേ മ്യൂസിക് | - 99 രൂപ |
| വിൻക് | - 99 രൂപ (ആൻഡ്രോയ്ഡ്) -120 രൂപ (ഐഒഎസ്). |

ഈ നിരക്കുകളിൽനിന്ന് ഈ വ്യവസായമേഖലയുടെ ഏകദേശ ശക്തി തിരിച്ചറിയാമല്ലോ. സൗജന്യ പതിപ്പുകളിൽ നൽകുന്ന പരസ്യങ്ങളും കമ്പനികൾക്ക് ചെറുതല്ലാത്ത വരുമാനം നൽകുന്നുണ്ടെന്നുറപ്പ്.

എന്തായാലും ചെവിയിൽ ഇയർഫോൺ തിരുകി പാട്ടുകേൾക്കുന്നത്ര സിമ്പിളല്ല വ്യവസായരംഗം.





# ബിസിനസ് രംഗത്തെ ധനസമാഹരണവും മാറിവരുന്ന നിയമവ്യവസ്ഥകളും



**രാജേഷ്കുമാർ കെ. പിള്ള,**
ചെയർമാൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ തൃശൂർ ചാപ്റ്റർ

**വ**ളരുവാനുള്ള മനുഷ്യന്റെ വാസന ജന്മസിദ്ധമാണ്. ഈ പ്രവണത ബിസിനസുകാരുടെ ഇടയിൽ വളരെ കൂടുതലാണുള്ളത്. ബിസിനസിൽ വളർച്ചയ്ക്ക് ഏറ്റവും അത്യാവശ്യവും എന്നാൽ എളുപ്പത്തിൽ ലഭ്യമല്ലാത്തതുമായ ഒന്നാണ് ധനം അഥവാ മൂലധനം. മൂലധന സമ്പാദനത്തിന് പലവിധ മാർഗങ്ങൾ ഉണ്ട്. പ്രധാനപ്പെട്ട രണ്ട് മാർഗങ്ങൾ ഇവയാണ്.

(1) പ്രമോട്ടർ കൊണ്ടുവരുന്ന സ്വന്തം ധനം (Capital)

(2) വായ്പയായി ലഭിക്കുന്ന മൂലധനം (Borrowed Capital)

ബിസിനസിന്റെ നിയമപരമായ ഘടന അനുസരിച്ച് മൂലധനത്തിന് നമുക്ക് വിവിധ പേരുകൾ നല്കാം. പാർട്ണേഴ്സ് ക്യാപിറ്റൽ, ഇക്വിറ്റി ക്യാപിറ്റൽ മുതലായവ.

സ്വന്തം കൈയിലെ പണമുപയോഗിച്ച് നിയമാനുസൃതമായ ബിസിനസ് ചെയ്യപ്പെടുന്നതിന് നിയമപരമായ നിയന്ത്രണങ്ങൾ തുലോം കുറവാണെങ്കിലും മറ്റുള്ളവരുടെ കൈയിൽനിന്നും മൂലധന സമാഹരണം സർക്കാരിന്റെ വിവിധ ഏജൻസികളുടെയും നിയമങ്ങളുടെയും കർശനമായ നിയന്ത്രണങ്ങൾക്ക് വിധേയമാണ്. എങ്കിലും ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന വായ്പകൾക്ക് പൊതുവേ വലിയ നിയന്ത്രണങ്ങൾ ഇല്ലെന്നു പറയാം. എന്തെന്നാൽ അത്തരം വായ്പകൾ അത് നല്കുന്ന സ്ഥാപനങ്ങളുടെ നിയന്ത്രണത്തിന് വിധേയമാണല്ലോ. എന്നാൽ ബാങ്കുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എല്ലാവർക്കും ലഭിക്കുകയില്ലെന്നും ലഭിക്കാൻ അത്ര എളുപ്പമല്ലെന്നും നമുക്കെല്ലാവർക്കും അറിയുന്നതാണല്ലോ. വളരെ പണ്ട് കാലം മുതൽ തന്നെ ലോകത്തിന്റെ നാനാഭാഗത്തും നിലനിന്നിരുന്ന ഒന്നാണ് മറ്റുള്ളവരിൽനിന്നും നിക്ഷേപം വാങ്ങി ബിസിനസിൽ നിക്ഷേപിക്കുക എന്നത്. പങ്കാളിത്ത വ്യവസ്ഥയിൽ ബിസിനസ് ചെയ്യുന്നതും പതിവ്. അത്തരം രീതികൾ നമ്മുടെ രാജ്യത്തും നിലനിന്നിരുന്നു അഥവാ ഇന്നും നിലനിൽക്കുന്നുവെന്നതും യാഥാർഥ്യമാണ്. പൊ

തുജനങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് ഇന്ന് കർശനമായ നിയമങ്ങളാണ് നിലവിലുള്ളത്. അത്തരം നിയന്ത്രണങ്ങൾക്ക് അധികാരികളെ പ്രേരിപ്പിച്ചതാകട്ടെ ബിസിനസിലെ കള്ളനാണയങ്ങൾ സാധാരണക്കാരെ കബളിപ്പിക്കുന്നത് ഏറിവരുന്നതിനാലാണ്. കേന്ദ്രഗവൺമെന്റ് അടുത്തിടെ പുറത്തിറക്കിയ പൊതുജനങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ഓർഡിനൻസ് (The Banning of Unregulated Deposit schemes Ordinance, 2019) ചർച്ച ചെയ്യുന്നത് വായനക്കാർക്ക് പ്രയോജനപ്രദമാകുമെന്ന് കരുതുന്നു. ഈ ഓർഡിനൻസ് ഫെബ്രുവരി 21-ാം തീയതിയാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഓർഡിനൻസിന്റെ ആമുഖമായി വെളിപ്പെടുത്തുന്നത് നിക്ഷേപ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിയമവിരുദ്ധമായ ഡെപ്പോസിറ്റ് സ്കീമുകൾ നിരോധിക്കുന്നതിനുള്ള നിയമം എന്നാണ്. ഇന്ത്യ മുഴുവൻ ഇത് പ്രാബല്യത്തിൽവന്നു എങ്കിലും ജമ്മു കാശ്മീരിന് ബാധകമാക്കിയിട്ടില്ല.

## പൊതുജനങ്ങളിൽനിന്നും ഇനി കൈവായ്പ വാങ്ങുന്നത് നിഷിധമോ?

പ്രസ്തുത നിയമപ്രകാരം രക്തബന്ധത്തിലുള്ള ബന്ധുവിന്റെ കൈയിൽനിന്നല്ലാതെ വായ്പ അഥവാ നിക്ഷേപം (Deposit) സ്വീകരിക്കുന്നത് പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരും.

ഒരു ഡെപ്പോസിറ്റ് സ്വീകർത്താവ് തന്റെ കണക്കിൽ മറ്റൊരാളിൽനിന്നും സ്വീകരിച്ച സംഖ്യയെ ലോൺ എന്നോ, എന്തെങ്കിലും സാധനത്തിന്റെയോ സേവനത്തിന്റെയോ ആവശ്യത്തിലേക്കായി മുൻകൂർ ലഭിച്ചതെന്നോ മറ്റേതെങ്കിലും രീതിയിൽ ലഭിച്ചതെന്നോ കണക്കാക്കാം. അത് പണമായോ, സാധനങ്ങളോ സേവനങ്ങളോ ആയി തിരിച്ച് നല്കാം എന്ന വ്യവസ്ഥയിലാണ് പ്രസ്തുത സംഖ്യ സ്വീകരിച്ചിരിക്കുന്നതെങ്കിൽ, പലിശയോ ബോണസോ മറ്റെന്തെങ്കിലും ആനുകൂല്യത്തോടുകൂടിയാണോ എന്ന കാര്യത്തിന് പ്രസക്തിയില്ലാതെ തന്നെ അത്തരം സംഖ്യകളുടെ സ്വീകരണം ഡെപ്പോസിറ്റ് എന്ന പദത്തിന്റെ നിർവചനത്തിൽ വരുന്നു.

ഇപ്പോൾ നമ്മുടെ മുന്നിലുണ്ടാകുന്ന ചോദ്യം എല്ലാ ഡെപ്പോസിറ്റുകളും അഥവാ ലോൺ അഡ്വാൻസ് മുതലായവയും നിരോധിച്ചിട്ടുണ്ടോ എന്നാകും. ഇല്ല എന്നാണ് ഉത്തരം. ഈ നിയമത്തിൽ ചില ഇളവുകൾ ലഭ്യമാണ്. അവയിൽ പ്രധാനപ്പെട്ടതും ഒരു സധാരണ ബിസിനസിൽ ഉപകാരപ്രദവുമായവ താഴെ വിവരിക്കുന്നു.

**സ്വന്തം കൈയിലെ പണമുപയോഗിച്ച് നിയമാനുസൃതമായ ബിസിനസ് ചെയ്യപ്പെടുന്നതിന് നിയമപരമായ നിയന്ത്രണങ്ങൾ തുലോം കുറവാണെങ്കിലും മറ്റുള്ളവരുടെ കൈയിൽനിന്നും മൂലധന സമാഹരണം സർക്കാരിന്റെ വിവിധ ഏജൻസികളുടെയും നിയമങ്ങളുടെയും കർശനമായ നിയന്ത്രണങ്ങൾക്ക് വിധേയമാണ്.**

(1) ബാങ്കുകളിൽനിന്നും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽനിന്നും ലഭിക്കുന്ന വായ്പകൾ;

(2) റിസർവ് ബാങ്കിന്റെയോ ഗവൺമെന്റിന്റെയോ നിയന്ത്രണത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന വായ്പകൾ

(3) ഗവൺമെന്റിൽനിന്നും ലഭിക്കുന്ന വായ്പകളും മറ്റ് ആനുകൂല്യങ്ങളും.

(4) പാർട്ണർഷിപ്പിൽ പാർട്ണർമാർ കൊണ്ടുവരുന്ന മൂലധനം.

(5) ഒരു വ്യക്തിക്ക് അദ്ദേഹത്തിന്റെ താഴെ വിവരിക്കുന്ന ബന്ധുക്കളിൽനിന്നും ലഭിക്കുന്ന ലോൺ.

i) ഭാര്യ അല്ലെങ്കിൽ ഭർത്താവ്

ii) അച്ഛൻ, അമ്മ (രണ്ടാനച്ഛൻ, അമ്മയും ഉൾപ്പെടും)

iv) മകൻ, മകന്റെ ഭാര്യ (വളർത്തുമകനും മകളും ഉൾപ്പെടും)

v) മകൾ, മകളുടെ ഭർത്താവ്

(vi) സഹോദരൻ, സഹോദരി.

ചുരുക്കിപറഞ്ഞാൽ വ്യക്തികൾ തങ്ങളുടെ കുടുംബത്തിന് പുറത്ത് ആരുടെ കൈയിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാൻ പാടില്ല എന്നർത്ഥം.

(7) പൂർണമായും ബിസിനസിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും കൃത്യമായി കണക്കിൽ പെടുത്തിയിരിക്കുന്ന താഴെ പറയുന്ന സംഖ്യകൾ നിരോധിച്ച നിക്ഷേപത്തിന്റെ പരിധിയിൽ വരുന്നല്ല.

i) സാധനങ്ങൾക്കോ സേവനങ്ങൾക്കോ വേണ്ടി വാങ്ങിയ മുൻകൂർ സംഖ്യ അല്ലെങ്കിൽ തവണയായി നല്കിയ സംഖ്യ. പ്രസ്തുത സാധനങ്ങളോ സേവനങ്ങളോ നല്കാൻ കഴിഞ്ഞില്ലെങ്കിൽ വാങ്ങിയ സംഖ്യ തിരിച്ചുനല്കേണ്ടതായിരിക്കണം.

ii) ഇമ്മൂവബിൾ പ്രോപ്പർട്ടീസിനായുള്ള മുൻകൂർ സംഖ്യ, കൈമാറ്റത്തിനുള്ള എഗ്രിമെന്റി

നനുസൃതമായി കൊടുത്തത്.

iii) ഡീലർഷിപ്പ് ഡെപ്പോസിറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ

iv) വളരെ വലിയ ദീർഘകാലം നിലനിൽക്കുന്ന പ്രോജക്ടിലേക്ക് സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിലേക്കായി നല്കുന്ന അഡ്വാൻസ് എന്നിവ.

എന്നാൽ മുകളിൽ വിവരിച്ച സംഖ്യകൾ തിരിച്ചുകൊടുക്കാനുള്ള സമയം മുതൽ 15 ദിവസത്തിനുള്ളിൽ തിരികെ കൊടുത്തില്ലെങ്കിൽ അവയും നിരോധിച്ച ഡെപ്പോസിറ്റിന്റെ പരിധിയിൽ വരും.

## റെഗുലേറ്റഡ് ഡെപ്പോസിറ്റ്

ഈ നിയമത്തിന്റെ ഷെഡ്യൂൾ ഒന്നിൽ വിവരിച്ചിട്ടുള്ള നിയന്ത്രണ അഥോറിറ്റിയുടെ നിയന്ത്രണങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ (Regulated entities) സ്വീകരിക്കുന്ന നിക്ഷേപങ്ങൾ ഷെഡ്യൂളിന്റെ മൂന്നാം കോളത്തിൽ വിവരിച്ചിരിക്കുന്ന തരത്തിലുള്ള ഡെപ്പോസിറ്റുകൾ സ്വീകരിക്കാവുന്നതാണ്.

i) സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (SEBI)

ii) Reserve Bank of India (RBI)

iii) ഇൻഷ്വറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി (IRDAI)

iv) സംസ്ഥാന ഗവൺമെന്റും സെൻട്രൽ ഗവൺമെന്റും

v) നാഷണൽ ഹൗസിംഗ് ബാങ്ക്

vi) പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അഥോറിറ്റി

vii) എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്

viii) സെൻട്രൽ രജിസ്ട്രാർ, മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ.

ix) കമ്പനികാര്യ മന്ത്രാലയം - M.C.A.

മുകളിൽ വിവരിച്ച 'Regulators' ന്റെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പൊതുജനങ്ങളിൽനിന്നും സ്വീകരിക്കുന്ന നിക്ഷേപങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്.

## നിക്ഷേപങ്ങളും സഹകരണപ്രസ്ഥാനങ്ങളും

ഈ നിയമത്തിലൂടെ സർക്കാർ RBI Act 1934ന്റെ Section 45 I ഭേദഗതി വരുത്തിയിട്ടുണ്ട്. ആ സെക്ഷനിൽ ഉപവകുപ്പ് (bb) ഡെപ്പോസിറ്റ് എന്താണെന്നും എന്തൊക്കെയാണ് ഡെപ്പോസിറ്റിന്റെ നിർവചനത്തിൽ പെടാത്തതെന്നും വിവരിക്കുന്നതിന് താഴെ വിശദീകരണകുറിപ്പ് III പുതുതായി ചേർത്തിട്ടുണ്ട്. അത് പ്രകാരം പൂർണ്ണമായ വോട്ടവകാശം ഇല്ലാത്ത മെമ്പർമാരുടെ പക്കൽനിന്നും വാങ്ങുന്ന ഡെപ്പോസിറ്റ് RBI നിയമപ്രകാരം ഡെപ്പോസിറ്റി ആകുകയും അവയ്ക്ക് RBI ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ ബാധകമാവുകയും ചെയ്യും. അല്ലാത്തപക്ഷം അവയും ഈ നിയമത്തിന്റെ പരിധിയിൽ പെടുന്നതാണ്.

## നിയന്ത്രണ അധികാരി

ഈ നിയമപ്രകാരം അൺ റെഗുലേറ്റഡ് ഡെപ്പോസിറ്റിന്റെ നിയന്ത്രണങ്ങൾക്കായി സംസ്ഥാനങ്ങൾ ഒരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതും ആ ഉദ്യോഗസ്ഥനിൽ civil court ന്റെ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്. നിയമവിരുദ്ധമായി ഡെപ്പോസിറ്റ് സ്വീകരിക്കുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ആസ്തികൾ കണ്ടുകെട്ടാൻ അധികാരമുള്ള പ്രത്യേക കോടതിയും ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്.

ഈ നിയമത്തിന്റെ വകുപ്പ് 12 പ്രകാരം നിക്ഷേപകരുടെ നിക്ഷേപങ്ങൾ മുൻഗണനാക്രമത്തിൽ ഡെപ്പോസിറ്റ് ടേക്കറുടെ പക്കൽനിന്നും ഈടാക്കാൻ വ്യവസ്ഥയുണ്ട്.

## കുറ്റവും ശിക്ഷയും

ഈ നിയമത്തിലെ സെക്ഷൻ (B) ക്ക് വിരുദ്ധമായി നിക്ഷേപങ്ങൾ സ്വീകരിക്കുകയും അത് തിരിച്ചുനല്കാതെ കബളിപ്പിക്കുകയും ചെയ്യുന്നവർക്ക് 3 വർഷം മുതൽ 10 വർഷം വരെ തടവും കൂടാതെ 5 ലക്ഷം മുതൽ സമാഹരിച്ച നിക്ഷേപത്തിന്റെ രണ്ടിരട്ടിവരെ പിഴയും ലഭിക്കുമെന്നാണ് സെകഷൻ 21 (3) യിൽ നിഷ്കർഷിച്ചിരിക്കുന്നത്.

മുകളിൽ വിവരിച്ച നിയമം നിലവിൽ ഓർഡിനൻസ് ആണ്. കേന്ദ്രത്തിൽ പുതിയ സർക്കാർ നിലവിൽ വന്നതിനുശേഷം ഇതിന് എന്താണ് സംഭവിക്കുക എന്ന് പറയാൻ കഴിയില്ല. എങ്കിലും പിൻവലിക്കാനുള്ള സാധ്യത കുറവാണെന്ന് തോന്നുന്നു. പൊതുജനത്തിൽ നിന്നും പണം സ്വീകരിക്കുന്നതിന് രാജ്യത്ത് ബാങ്കുകൾക്കാണ് അധികാരം എന്നതിനാലും, സാധാരണക്കാരായ ധാരാളം പേർ ചതിക്കപ്പെട്ടിട്ടുള്ളതിനാലും ഇത്തരം നിയന്ത്രണങ്ങൾ ഒരു പരിധിവരെ ആവശ്യമാണ്. ബിസിനസുകാർ തങ്ങളുടെ മൂലധന സമ്പാദനം വ്യവസ്ഥാപിത മാർഗങ്ങളിൽകൂടി സമാഹരിക്കാൻ ശ്രമിക്കുകയാണ് വരും നാളുകളിൽ ചെയ്യേണ്ടത്.

*(കമ്പനികളുടെ മൂലധന സമാഹരണത്തെ സംബന്ധിച്ച് അടുത്ത ലക്കത്തിൽ തുടരും).*




# സി.എ. ജയം ബാലികേറാമലയല്ല



**ശ്രീമതി ശിൽപ്പ രാംദാസ്**
ചെയർപേഴ്സൺ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ

എന്താണ് CA? "അയ്യോ! ഇതൊക്കെ ഭയങ്കര ബുദ്ധിമുട്ടല്ലേ പാസ്സാവാൻ", ഈ മുൻധാരണക്ക് അപ്പുറം എന്താണ് CA? CA എന്ന ഡിഗ്രി സ്വന്തമാക്കാൻ വലിയ ബുദ്ധിവൈഭവമോ സാമ്പത്തിക പശ്ചാത്തലമോ ആവശ്യമില്ല. കഠിനാധ്വാനവും ചിട്ടയായ പഠനരീതിയും മാത്രമാണ് രഹസ്യം.

പാർലമെന്റ് പാസാക്കിയ നിയമപ്രകാരം 1949-ൽ രൂപീകൃതമായ ICAI (Institute of Chartered Accountants of India) നടത്തി വരുന്ന കോഴ്സാണ് CA. ഇന്ത്യയിൽ മാത്രമല്ല മറ്റു വിദേശ രാജ്യങ്ങളിലും ഇന്ത്യൻ CA യ്ക്ക് വൻ സാദ്ധ്യതയാണുള്ളത്.

പ്ലസ്ടു കഴിഞ്ഞ ഏതൊരു സ്ട്രീമിലുള്ള വിദ്യാർത്ഥിക്കും ഈ കോഴ്സിനു രജിസ്റ്റർ ചെയ്യാം.

**CA കോഴ്സിന്റെ ഘടന ഇങ്ങനെ.**

രണ്ട് രീതിയിൽ ഈ കോഴ്സിനു ചേരാം. പ്ലസ്ടുവിനു ശേഷം ഫൗണ്ടേഷൻ കോഴ്സ് വഴിയും ബിരുദത്തിനു ശേഷം ഫൗണ്ടേഷൻ കോഴ്സ് ഇല്ലാതെയും CA പഠനത്തെ നാലു ഘട്ടങ്ങളായി വേർതിരിക്കാം.

**1. ഫൗണ്ടേഷൻ കോഴ്സ്** ( Foundation Route)

ഇതാണ് CA കോഴ്സിന്റെ പ്രവേശന പരീക്ഷ. ജൂൺ 30 നും / ഡിസംബർ 31 നും മുൻപ് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ നാലു മാസത്തെ സ്റ്റഡി പിരിയഡ് കഴിഞ്ഞ് നവംബറിലോ മെയിലോ നടക്കുന്ന ഫൗണ്ടേഷൻ പരീക്ഷ എഴുതാം. നാലു പേപ്പറുകൾ അടങ്ങുന്ന 400 മാർക്കിന്റെ കോഴ്സ് ആണ് ഫൗണ്ടേഷൻ. ഇതിൽ ഓരോ പേപ്പറിലും 40% ശതമാനമോ അതിൽ കൂടുതലോ നാലു പേപ്പറിൽ ആകെ മൊത്തം 50% ശതമാനമോ അതിൽ കൂടുതലോ ഉള്ളവർ അടുത്ത ഘട്ടമായ ഇന്റർ മീഡിയേറ്റ് /ഐ.പി.സി.സി ക്ക് യോഗ്യത നേടും. ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ളവർക്ക് ഫൗണ്ടേഷൻ കൂടാതെ തന്നെ ഇന്റർ മീഡിയേറ്റ് എഴുതാം. (ഡയറക്ട് എൻട്രി)

**2. ഇന്റർ മീഡിയേറ്റ് / ഐ.പി.സി.സി**

ഫൗണ്ടേഷൻ പരീക്ഷ എഴുതി വന്ന വിദ്യാർത്ഥികൾക്ക് എട്ട് മാസത്തെ സ്റ്റഡി പിരിയഡിനു ശേഷം മാത്രമേ ആദ്യത്തെ ഇന്റർ മീഡിയേറ്റ് പരീക്ഷ എഴുതാൻ സാധിക്കുകയുള്ളൂ. ഇത് വിദ്യാർത്ഥികളുടെ വിഷയത്തെ കുറിച്ചുള്ള അറിവ് ഉറപ്പു വരുത്താൻ ആണ്.

ഇന്റർ മീഡിയേറ്റ് പരീക്ഷക്കു ശേഷം നാല് ആഴ്ചത്തെ ICITSS എന്ന കോഴ്സ് കൂടെ ഇവർ ചെയ്യണം. ആർട്ടിക്കിൾഷിപ്പ് തുടങ്ങാൻ ഇന്റർ മീഡിയേറ്റ് ഒരു ഗ്രൂപ്പ് എങ്കിലും പാസായിരിക്കണം.

ഡയറക്ട് എൻട്രി (Direct Entry Route) വഴി വരുന്ന വിദ്യാർത്ഥികൾക്ക് ഒൻപത് മാസത്തെ പ്രാക്ടിക്കൽ ട്രെയിനിങ് അഥവാ ആർട്ടിക്കിൾഷിപ്പ് കഴിഞ്ഞതിനു ശേഷം മാത്രമേ ഇന്റർ മീഡിയേറ്റ് എഴുതാൻ സാധിക്കുകയുള്ളൂ. ഫൈനൽ ഇയർ ബിരുദം പഠിക്കുന്ന വിദ്യാർത്ഥികൾ പ്രൊവിഷണൽ രജിസ്ട്രേഷൻ എടുക്കാം. ഈ പ്രൊവിഷണൽ രജിസ്ട്രേഷൻ പിരീഡിൽ ICITSS ചെയ്യാം. ഫൈനൽ ഇയർ പരീക്ഷ കഴിഞ്ഞ് ആറു മാസത്തിനുള്ളിൽ ഒറിജിനൽ സർട്ടിഫിക്കറ്റ് സബ്മിറ്റ് ചെയ്യാത്ത പക്ഷം പ്രൊവിഷണൽ രജിസ്ട്രേഷൻ റദ്ദായി പോകും.

എട്ടു പേപ്പറുകൾ അടങ്ങുന്ന രണ്ട് ഗ്രൂപ്പുകൾ ആണ് ഇന്റർ മീഡിയേറ്റിൽ ഉള്ളത്.

നാലു പേപ്പറുകൾ ഓരോ ഗ്രൂപ്പിലും ഓരോ പേപ്പറിലും 40% ശതമാനമോ അതിൽ കൂടുതലോ നാലു പേപ്പറിൽ ആകെ മൊത്തം 50% ശതമാനമോ അതിൽ കൂടുതലോ ലഭിച്ചാൽ



ആ ഗ്രൂപ്പ് പാസ്സായി. രണ്ട് ഗ്രൂപ്പും പാസ്സ് ആയതിനു ശേഷം മാത്രമേ നാലാമത്തെ ഘട്ടമായ ഫൈനൽ പരീക്ഷ എഴുതാൻ സാധിക്കൂ.

### 3. ആർട്ടിക്കിൾഷിപ്പ്

ഇന്റർ മീഡിയേറ്റ് രണ്ട് ഗ്രൂപ്പും പാസ്സായവർക്കും ഒരു ഗ്രൂപ്പ് പാസ്സായവർക്കും ഒരു ചാർട്ടേഡ് അക്കൗണ്ടന്റിന്റെ കീഴിൽ മൂന്നു വർഷം പ്രാക്ടിക്കൽ ട്രെയിനിങ് ചെയ്യാം.

2.5 വർഷം ആർട്ടിക്കിൾഷിപ്പ് കഴിഞ്ഞതിനു ശേഷം മാത്രമേ ഫൈനൽ പരീക്ഷ എഴുതാൻ സാധിക്കുകയുള്ളൂ. ഡയറക്ട് എൻട്രി വഴി വരുന്ന വിദ്യാർത്ഥികൾക്ക് ഇന്റർ മീഡിയേറ്റ് എഴുതുന്നതിനു മുൻപു തന്നെ ആർട്ടിക്കിൾഷിപ്പ് ചെയ്ത് തുടങ്ങാം.

ആർട്ടിക്കിൾഷിപ്പിനു ഇടയിൽ രണ്ട് പ്രാക്ടിക്കൽ ട്രെയിനിങ് അസ്സസ്സ്മെന്റ് ടെസ്റ്റ് കൂടെ വിദ്യാർത്ഥികൾ എഴുതണം.

4. ഫൈനൽ ഇന്റർ മീഡിയേറ്റ് രണ്ട് ഗ്രൂപ്പും പാസ്സായവർക്ക് ആർട്ടിക്കിൾഷിപ്പിന്റെ അവസാന ആറു മാസത്തിൽ നാല് ആഴ്ചത്തെ advanced ICITSS ചെയ്തതിനു ശേഷം ഫൈനൽ പരീക്ഷ

എഴുതാം. ഇന്റർ മീഡിയേറ്റ് പാസ്സ് ആയതിനു ശേഷം എപ്പോൾ വേണമെങ്കിലും രജിസ്റ്റർ ചെയ്യാം. എങ്കിലും 2.5 വർഷത്തെ ആർട്ടിക്കിൾഷിപ്പിനു ശേഷം മാത്രമേ പരീക്ഷ എഴുതാൻ സാധിക്കൂ.

എട്ടു പേപ്പറുകൾ അടങ്ങുന്ന രണ്ട് ഗ്രൂപ്പുകൾ ആണ് ഫൈനൽ കോഴ്സ്. ഗ്രൂപ്പ് ഒന്നിൽ നാല് പേപ്പറും ഗ്രൂപ്പ് രണ്ടിൽ നാല് പേപ്പറും ഗ്രൂപ്പ് രണ്ടിൽ പേപ്പർ - 6 ഇലക്ടീവ് പേപ്പറാണ്.

### ഫീസ്

| | |
|---|---|
| റജിസ്ട്രേഷൻ | |
| ഫൗണ്ടേഷൻ | - 9000 |
| ഇന്റർ മീഡിയേറ്റ് | - 18000 |
| ഫൈനൽ | - 22000 |
| ICITSS: | |
| ITT | - 6500 |
| Orientation | - 7000 |

### 5. ക്ലാസ്സുകൾ

ഇന്ത്യയിൽ ഒട്ടാകെ 152 ബ്രാഞ്ചുകളാണ് ICAI യ്ക്ക് ഉള്ളത്. CA കോഴ്സിനു വേണ്ടിയുള്ള എല്ലാ ക്ലാസ്സുകളും ഈ ബ്രാഞ്ചുകളിൽ നടത്തി വരുന്നു. ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച faculty ആണ് ഓരോ ബ്രാഞ്ചിലും ക്ലാസ്സുകൾ എടുക്കുന്നത്. കേരളത്തിലെ ബ്രാഞ്ചുകളിൽ പ്രധാനപ്പെട്ട ഒന്നാണ് Trichur Branch. എല്ലാവിധ പഠന സൗകര്യങ്ങളും, റെഗുലർ ക്ലാസ്സുകളും, ക്രാഷ് ക്ലാസ്സുകളും, മോണിങ് ക്ലാസ്സുകളും, ഇവിടെ നടത്തി വരുന്നുണ്ട്.

വിദ്യാർത്ഥികൾക്ക് വേണ്ടി എല്ലാ മാസവും സെമിനാറുകളും സ്റ്റഡി സർക്കിൾ പോലുള്ള പഠന പരിപാടികളും ബ്രാഞ്ചിൽ നടത്തി വരുന്നു. വിദ്യാർത്ഥികളുടെ കലാകായിക പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കാൻ SICASA പോലുള്ള വിദ്യാർത്ഥി സംഘടനകളും പ്രവർത്തിക്കുന്നു. മറ്റ് പ്രൈവറ്റ് സ്ഥാപനങ്ങളെ അപേക്ഷിച്ച് തുച്ഛമായ ഫീസ് ആണ് ക്ലാസ്സുകൾക്കായി ബ്രാഞ്ചുകളിൽ ഈടാക്കുന്നത്. ICITSS പോലുള്ള കോഴ്സുകൾ ചെയ്യാനുള്ള ലാബ് സൗകര്യങ്ങളും ലൈബ്രറി സൗകര്യങ്ങളും ബ്രാഞ്ചിൽ ലഭ്യമാണ്.

### കോച്ചിങ് ഫീസ്

| | |
|---|---|
| ഫൗണ്ടേഷൻ | - 15000 |
| ഇന്റർ മീഡിയേറ്റ് | - 22000 |
| ഫൈനൽ | - 45000 |

കൂടുതൽ വിവരങ്ങൾക്ക്

(The Institute Of Chartered Accountants Of India
ICAI BHAWAN, Alumvettuvazhi, Chiyyaram, Thrissur. Phone Number: 0487 2253800)

ഈ കഴിഞ്ഞ നവംബർ 2018 ൽ ഇന്ത്യ ഒട്ടാകെ നടത്തിയ CA Foundation പരീക്ഷയിൽ 6 വിദ്യാർത്ഥികളാണ് ഉന്നത വിജയം നേടുകയും ആദ്യ അമ്പത് റാങ്കിനുള്ളിൽ സ്ഥാനം കരസ്ഥമാക്കുകയും ചെയ്തത്. ഇത് അഭിനന്ദനാർഹമായ ഒരു നേട്ടമാണ്. കൂടാതെ 26 പേർ Chartered Accountants Bbn qualify ചെയ്യുകയും ചെയ്തു.

### അടിക്കുറിപ്പ്

CA ക്കുള്ള പ്രൊഫഷണൽ സാധ്യതകൾ ഒരു പക്ഷേ മറ്റൊരു കോഴ്സിനും ഇല്ലെന്നുള്ളതാണ് വാസ്തവം. ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള വിവിധ തരം ഓഡിറ്റുകൾ നടത്തുക, കൺസൾട്ടൻസികൾ, ഉയർന്ന തസ്തികയിലുള്ള ജോലി സാധ്യതകൾ ഇന്ത്യയ്ക്കും ഇന്ത്യയ്ക്ക് പുറത്തും ലഭിക്കുന്നതാണ്. മറ്റ് പല രാജ്യങ്ങളുമായുള്ള ഉടമ്പടി പ്രകാരം CA degree ആ രാജ്യങ്ങളിൽ അംഗീകരിച്ചിട്ടുള്ളതുമാണ്.




# ചില നികുതി പാഠങ്ങൾ

**പ്രധാനപ്പെട്ട പ്രത്യക്ഷനികുതികൾ ആദായ നികുതി, സ്വത്ത് നികുതി എന്നിവയാണ്. എക്സൈസ് ഡ്യൂട്ടി, വില്പനനികുതി, മൂല്യ വർധിതനികുതി എന്നിവയാണ് പ്രധാനപ്പെട്ട പരോക്ഷനികുതികൾ. വികസിത രാജ്യങ്ങളിലെ നികുതിവ്യവസ്ഥയിൽ പ്രത്യക്ഷ നികുതികൾക്ക് പ്രാമുഖ്യമുള്ളപ്പോൾ, വികസ്വര രാജ്യങ്ങളിലെ നികുതിവ്യവസ്ഥയിൽ പരോക്ഷനികുതികളാണ് നികുതിവരുമാനത്തിന്റെ സിംഹഭാഗവും സംഭാവന ചെയ്യുന്നത്.**



**Antony Varghese**
Antony & Associates
Regency Centre
Calvary Road,West fort
Thrissur.
Ph 0487 2386552

**പൊ**തുആവശ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ, പൗരന്മാരിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പിരിച്ചെടുക്കുന്നതാണ് നികുതി. നികുതി നിയമംമൂലം ചുമത്തപ്പെടുന്നതാണ്. നികുതി കൊടുക്കാത്തവരുടെമേൽ പിഴചുമത്താനും അവരെ തടവിലിടാനും വരെ നികുതി നിയമങ്ങളിൽ വ്യവസ്ഥയുണ്ട്. തത്തുല്യമായ ഏതെങ്കിലും പ്രതിഫലം നല്കിക്കൊള്ളാം എന്ന വ്യവസ്ഥയിലല്ല നികുതി ചുമത്തുന്നത്. അതുകൊണ്ട് എന്തെങ്കിലും പ്രയോജനം ലഭിച്ചില്ല എന്നതിന്റെ പേരിൽ നികുതിയിൽനിന്നും ആർക്കും ഒഴിഞ്ഞുനില്ക്കാനാവില്ല. പക്ഷേ, നികുതി താങ്ങാനുള്ള പൗരജനങ്ങളുടെ ക്ഷമതകൂടി കണക്കിലെടുത്തേ നികുതി ചുമത്താനാവൂ. നികുതിക്ഷമതയ്ക്ക് കൃത്യമായ പരിധിയൊന്നും നിശ്ചയിക്കാനാവുകയില്ല. നികുതിയായി പിരിച്ചെടുക്കുന്ന തുക ശരിയായ വിധത്തിലാണ് സർക്കാർ വിനിയോഗിക്കുന്നതെന്ന് പൗരനു ബോധ്യപ്പെട്ടാൽ നികുതിയെക്കുറിച്ച് അവർ പരാതിപ്പെടാൻ ഇടയില്ല. നേരേമറിച്ച് പൗരജനങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റപ്പെടുന്നില്ലെങ്കിൽ ചെറിയ നികുതികൾപോലും എതിർക്കപ്പെട്ടേക്കാം.

### നികുതിയുടെ സാമൂഹികലക്ഷ്യങ്ങൾ

നികുതികളുടെ പ്രാഥമികമായ ലക്ഷ്യം വിഭവസമാഹരണമാണെങ്കിലും മറ്റു സാമൂഹിക ലക്ഷ്യങ്ങൾ നേടാനായും സർക്കാരുകൾ നികുതികളെ ഉപയോഗിക്കുന്നുണ്ട്. പുനർവിതരണത്തിലൂടെ സമൂഹത്തിലെ അസമത്വം കുറയ്ക്കുക എന്നത് ഒരു പ്രധാന സാമൂഹികലക്ഷ്യമാണ്. ദരിദ്രരുടെയും താഴ്ന്ന വരുമാനക്കാരുടെയും മേലുള്ള നികുതിഭാരം കുറഞ്ഞിരിക്കത്തക്കവിധം ആദായനികുതി നിരക്കുകൾ കുറച്ചുവയ്ക്കുന്നത് ഇതിന് ഒരു ഉദാഹരണമാണ്. അതുപോലെതന്നെ താഴ്ന്ന വരുമാനക്കാരുടെ മുഖ്യ ഉപഭോഗവസ്തുക്കളുടെ മേലുള്ള എക്സൈസ് തീരുവ, വില്പനനികുതി, മൂല്യവർധിത നികുതി തുടങ്ങിയവ കുറച്ചുവയ്ക്കാറുണ്ട്.

### നികുതിവ്യവസ്ഥ

ഉത്പാദനം, ഉപഭോഗം, കൈമാറ്റം, ഇറക്കുമതി, കയറ്റുമതി തുടങ്ങി സമ്പദ്ഘടനയിലെ വിവിധ തലങ്ങളിൽ ചുമത്തപ്പെടുത്തുന്ന നികുതികൾ ഉൾപ്പെടുന്നതാണ് ഒരു നികുതിവ്യവസ്ഥ.

നികുതികളെ പൊതുവേ പ്രത്യക്ഷ നികുതിയെന്നും പരോക്ഷ നികുതിയെന്നും രണ്ടായി തരംതിരിക്കാറുണ്ട്. പ്രത്യക്ഷനികുതിയിൽ നികുതി കൊടുക്കുന്ന ആളും അതിന്റെ ആത്യന്തികഭാരം വഹിക്കുന്ന ആളും ഒന്നായിരിക്കും. നേരെമറിച്ച് പരോക്ഷനികുതിയിൽ ഇതുരണ്ടും വ്യത്യസ്ത ആളുകളാണ്. ഉദാഹരണമായി ആദായനികുതി കൊടുക്കുന്ന വ്യക്തിതന്നെയാണ് അതിന്റെ ഭാരം വഹിക്കുന്നത്. നേരേമറിച്ച് ഒ

രു ഉല്പന്നത്തിന്റെ വില്പന നികുതിയുടെ കാര്യത്തിൽ നികുതിയുടെ ഭാരം ആദ്യം വരുന്നത് വ്യാപാരിയുടെ മേൽ ആണ്. പക്ഷേ, അയാൾ ആ ഉത്പന്നം വാങ്ങുന്ന ഉപഭോക്താവിലേക്ക് വിലയോടൊപ്പം അതുകൈമാറുന്നു. വില്പന നികുതി അന്തിമ ഉപഭോക്തൃവിലയുടെ ഭാഗമായി മാറുന്നു.

പ്രധാനപ്പെട്ട പ്രത്യക്ഷനികുതികൾ ആദായ നികുതി, സ്വത്ത് നികുതി എന്നിവയാണ്. എക്സൈസ് ഡ്യൂട്ടി, വില്പനനികുതി, മൂല്യവർധിതനികുതി എന്നിവയാണ് പ്രധാനപ്പെട്ട പരോക്ഷനികുതികൾ. വികസിത രാജ്യങ്ങളിലെ നികുതിവ്യവസ്ഥയിൽ പ്രത്യക്ഷ നികുതികൾക്ക് പ്രാമുഖ്യമുള്ളപ്പോൾ, വികസ്വര രാജ്യങ്ങളിലെ നികുതിവ്യവസ്ഥയിൽ പരോക്ഷനികുതികളാണ് നികുതിവരുമാനത്തിന്റെ സിംഹഭാഗവും സംഭാവന ചെയ്യുന്നത്.

## കേന്ദ്രസർക്കാർ നികുതികൾ

കേന്ദ്രസർക്കാർ പിരിച്ചെടുക്കുന്ന പ്രധാനപ്പെട്ട നികുതികൾ താഴെപ്പറയുന്നവയാണ്.

### ആദായ നികുതി

വ്യക്തികളുടെ വാർഷിക ആദായത്തിന്മേൽ ചുമത്തുന്ന ഈ നികുതിയുടെ നിരക്ക് വരുമാനത്തിന് അനുസരിച്ച് വർധിക്കും. പരമാവധി നിരക്ക് 30 ശ.മാ. ആണ്.

#### എക്സൈസ് തീരുവ

ഉത്പാദനത്തിനുമേലുള്ള നികുതിയാണിത്. വ്യത്യസ്ത നിരക്കുകളിലാണ് ഉത്പന്നങ്ങൾക്ക് എക്സൈസ് തീരുവ ചുമത്തുന്നത്.

#### ഇറക്കുമതി തീരുവ

മറ്റു രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുപ്പെടുന്ന ഉത്പന്നങ്ങളുടെ മേൽ ചുമത്തുന്ന നികുതിയാണിത്.

#### കോർപ്പറേഷൻ ലാഭ നികുതി

കമ്പനികളുടെ ലാഭത്തിന്മേലുള്ള നികുതിയാണിത്.

#### സേവന നികുതി

സേവനനികുതിയുടെ പട്ടികയിൽ ഉൾപ്പെടുന്ന സേവനങ്ങൾ നല്കുന്ന വ്യക്തികളും സ്ഥാപനങ്ങളും അവരുടെ വിറ്റുവരവിന്മേൽ അടയ്ക്കേണ്ട നികുതിയാണിത്. നിലവിൽ 12 ശ.മാ. ആണ് സേവനനികുതി നിരക്ക്.

കേന്ദ്രത്തിന്റെ എക്സൈസ് തീരുവയും ആദായനികുതിയും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടവയാണ്. ഭരണഘടനാപരമായി നിയമിക്കപ്പെടുന്ന ധനകാര്യകമ്മീഷൻ ഓരോ അഞ്ചുവർഷം കൂടുമ്പോഴും ഇവയുടെ എത്രശതമാനം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കണമെന്ന് ശുപാർശചെയ്യും. ഏറ്റവും അവസാനം ശുപാർശ സമർപ്പിച്ചത് 13-ാം ധനകാര്യകമ്മീഷനാണ്.

## സംസ്ഥാനസർക്കാർ നികുതികൾ

താഴെപ്പറയുന്നവയാണ് സംസ്ഥാനങ്ങളുടെ പ്രധാനപ്പെട്ട നികുതി സ്രോതസ്സുകൾ.

### മൂല്യവർധിത നികുതിയും വില്പന നികുതിയും

സംസ്ഥാനങ്ങളുടെ തനതു നികുതി വരുമാനത്തിൽ 65-70 ശ.മാ. വരെ സംഭാവന ചെയ്യുന്നത് ഈ രണ്ടുനികുതികളുമാണ്. പെട്രോൾ, പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം എന്നിവയിന്മേൽ വില്പന നികുതി ചുമത്തപ്പെടുമ്പോൾ ചുരുക്കം ചില സാധനങ്ങൾ ഒഴിച്ച് ബാക്കിയുള്ളവയുടെ മേൽ എല്ലാം മൂല്യവർധിത നികുതി ചുമത്തപ്പെടുന്നു. ഒരു ഉത്പന്നത്തിന്റെ ഉത്പാദനം മുതൽ അത് അന്തിമ ഉപഭോക്താ



വിന്റെ കൈകളിൽ എത്തുന്നതുവരെയുള്ള ഓരോ ഘട്ടത്തിലും ഉത്പന്നത്തിന്റെ മൂല്യത്തിൽ ഉണ്ടാകുന്ന വർധനവിന്മേൽ ചുമത്തുന്നതാണ് മൂല്യവർധിത നികുതി. ഇത് ഉത്പന്നങ്ങളുടെ സ്വഭാവം അനുസരിച്ച് 1 ശ.മാ., 4 ശ.മാ., 12.5 ശ.മാ. എന്നിങ്ങനെ മൂന്നു നിരക്കുകളിലാണ് നിലവിൽ ചുമത്തപ്പെടുന്നത്.

### കാർഷികാദായ നികുതി

കർഷകരുടെ വരുമാനത്തിന്മേലുള്ള നികുതിയാണിത്. കൃഷിച്ചെലവു കഴിച്ചുള്ള ആദായമാണ് ഇപ്രകാരം കാർഷികാദായ നികുതിക്ക് പരിഗണിക്കുന്നത്.

### ഭൂനികുതി

വിസ്തീർണം അടിസ്ഥാനമാക്കിയാണ് ഭൂനികുതി ചുമത്തപ്പെടുന്നത്.

### സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജും.

ഭൂമിയുടെയോ അതിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെയോ കൈമാറ്റത്തിന്മേലുള്ള നികുതിയാണിത്. ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും വ്യത്യസ്തനിരക്കിലാണ് ഇത് ചുമത്തപ്പെടുന്നത്.

### തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള നികുതികൾ

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന പ്രധാനപ്പെട്ട നികുതികൾ കെട്ടിടനികുതിയും തൊഴിൽ നികുതിയുമാണ്.

കെട്ടിടങ്ങളുടെ വിസ്തീർണം, അതുപണിയാൻ ഉപയോഗിച്ചിരിക്കുന്ന നിർമ്മാണസാമഗ്രികൾ എന്നിവ കണക്കിലെടുത്താണ് കെട്ടിടനികുതി ചുമത്തുന്നത്.

ഓരോ ശമ്പളവിഭാഗക്കാർക്കും വ്യത്യസ്ത നികുതിനിരക്കുകളിലാണ് തൊഴിൽനികുതി ചുമത്തപ്പെടുന്നത്.

## ചരക്ക് സേവനനികുതി

ഇന്ത്യയിൽ പരോക്ഷനികുതി പരിഷ്കരണ രംഗത്ത് അർഥപൂർണമായ ചുവടുവെയ്പാണ് ചരക്ക് സേവനനികുതിയിലൂടെ സാക്ഷാത്കരിക്കപ്പെടുക. നിലവിലുള്ള വിവിധ പരോക്ഷനികുതികൾ ഏകീകരിച്ച് സമഗ്രവും ലളിതവും നൂതനവുമായ ഒരു കേന്ദ്ര-സംസ്ഥാന ഐക്യ പരോക്ഷനികുതി എന്ന ദൗത്യം സഫലമാവുകയാണ് ഇതിന്റെ അവതരണത്തിലൂടെ. ചരക്ക് സേവനനികുതിയെന്നത് ഒരു ദേശീയ മൂല്യവർധിത നികുതി സമ്പ്രദായം തന്നെയാണ്. സാധനസാമഗ്രികൾ, സേവനങ്ങൾ എന്നിവയുടെ ഉത്പാദനം, വിപണനം, ഉപഭോഗം എന്നീ പ്രക്രിയകളെ അടിസ്ഥാനമാക്കി ദേശീയതലത്തിൽ നടപ്പാക്കുവാനുദ്ദേശിച്ചിട്ടുള്ള ഈ നിയമം ഇന്ന് നിലവിലുള്ള കേന്ദ്ര ഉത്പാദന നികുതി, സേവനനികുതി, വില്പനനികുതി, ആഡംബരനികുതി, പ്രവേശനനികുതി മുതലായ നിരവധി കേന്ദ്ര-സംസ്ഥാന നികുതികളെ ഏകീകരിക്കുകയും നിലവിലെ പരോക്ഷനികുതിസമ്പ്രദായത്തെ ഒരു കുടക്കീഴിൽ കൊണ്ടുവരുവാനും ലക്ഷ്യം വയ്ക്കുന്നു. സാധനങ്ങളുടെയും , സേവനങ്ങളുടെ 'വിതരണം' എന്ന പ്രവൃത്തി അടിസ്ഥാനമാക്കി (Supply) സാധനങ്ങളുടെയും സേവനങ്ങളും 'ചെന്നുചേരേണ്ട'യിടത്തിന്(Destination) പ്രാധാന്യം കൊടുത്താണ് ഈ നിയമം രൂപകല്പന ചെയ്തിരിക്കുന്നത് . നികുതിനിർവചനത്തിന്റെ പരിധിയിൽവരുന്ന ഒരു സേവനമോ ഉത് പന്നമോ (Goods and Service) പ്രതിഫലം വാങ്ങി വിതരണം ചെയ്യുകയോ വിനിമയം നടത്തുകയോ ചെയ്യുന്ന വേളയിലാണ് ജി.എസ് .ടി. ബാധകമാകുന്നത് . നിർമാണത്തിന്റെ അല്ലെങ്കിൽ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഒരു ഉത് പന്നം അഥവാ സേവനം പലതവണ വ്യവഹാര വിധേയമാകാറുണ്ട്. ഇത്തരം ഘട്ടങ്ങളിൽ അവ ഉപഭോക്താവിന്റെ കൈവശം എത്തുന്നതുവരെ പലതവണ വിലവർധനയ്ക്ക് കാരണമാകുകയും ചെയ്യുന്നു വിലവർധന സംഭവിക്കുന്ന ഇത്തരം സന്ദർഭങ്ങളിലാണ് ജി.എസ് .ടി. നൽകേണ്ടിവരിക. എന്നാൽ, മുൻ ഘട്ടങ്ങളിൽ ഈ ഉത് പന്നത്തിന് /സേവനത്തിന് ഇത്തരം നികുതി നൽകിയിട്ടുണ്ടെങ്കിൽ അപ്രകാരം നൽകിയ നികുതി കിഴിവ് ചെയ്ത് (Input Tax Credit) അധിക വിലയ്ക്കുമാത്രം ഓരോരുത്തരും ജി.എസ് .ടി. നൽകിയാൽ മതി. നിലവിൽ പല രാജ്യങ്ങളിലും ഏകീകൃത നികുതിസമ്പ്രദായമാണ് നിലവിലുള്ളതെങ്കിലും, ബ്രസീൽ, കാനഡ മുതലായ രാജ്യങ്ങളിൽ നിലവിലുള്ളതുപോലുള്ള ദ്വിവിധ നികുതിയാണ് നാം വിഭാവനം ചെയ്തിരിക്കുന്നത് . കേന്ദ്ര-സംസ്ഥാനങ്ങൾക്ക് ഒരേസമയം നികുതി ഈടാക്കുവാൻ അനുവദിക്കുന്നവിധം രൂപകല്പന ചെയ്യപ്പെട്ടിട്ടുള്ള ഈ നിയമത്തിൽ കേന്ദ്ര ചരക്കുസേവന നികുതി (സി.ജി.എസ് .ടി.); സംസ്ഥാന ചരക്ക് സേവനനികുതി (എസ് . ജി.എസ് .ടി.) എന്നിവയാണുള്ളത്. ഈ നികുതികൾ സംസ്ഥാനങ്ങൾക്കുള്ളിൽ നടക്കുന്ന (Intra State) വിനിമയങ്ങളെ ഉദ്ദേശിച്ചുള്ളതാണ് . അന്തസ്സംസ്ഥാന (Inter State Supplies) വിനിമയങ്ങൾക്ക് സംയോജിത ചരക്ക് സേവനനികുതി (Integrated Goods and Service Tax-

> ചരക്കുകളും സേവനങ്ങളും വിനിമയം ചെയ്യപ്പെടുമ്പോഴാണ് ജി എസ് ടി നിലവിൽവരുന്നത് . നിലവിൽ ഇത് ഉത്പാദനം, കച്ചവടം (Sales), സേവനം (Service) മുതലായവ നടക്കുമ്പോൾ യഥാക്രമം എക്സൈസ് തീരുവ, സെയിൽസ് ടാക്സ് , സർവീസ് ടാക്സ് എന്നിങ്ങനെയാണ് ഈടാക്കിവരുന്നത് .

IGST) എന്നപേരിൽ ഒരു കേന്ദ്രനികുതിയാണ് ഉള്ളത്. നികുതിനിരക്കുകൾ സംബന്ധിച്ച് ഇപ്പോഴും അന്തിമതീരുമാനം ആയിട്ടില്ലെങ്കിലും അവശ്യസാധന-സേവനങ്ങൾക്ക് താരതമ്യേന കുറഞ്ഞ നിരക്ക് ആകുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്. ചരക്കുസേവനനികുതിയുടെ ഏറ്റവും വലിയ ഗുണമെന്നത് ഡബിൾ ടാക്സേഷൻ മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഏറിയപങ്കും ലഘൂകരിക്കപ്പെടും. ഇന്ത്യ ഒരു ഏക-വാണിജ്യകേന്ദ്രം എന്ന സവിശേഷമായ അവസ്ഥയിലേക്ക് മാറും. ചരക്കുസേവനനികുതിയുടെ ലക്ഷ്യവും അത് തന്നെ ആണ് - ഒരു രാജ്യം, ഒരു നികുതി, ഒരു വിപണി. ഈ ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി ഇന്ന് നിലനിൽക്കുന്ന നിരവധി കേന്ദ്ര-സംസ്ഥാന നികുതികളെ ക്രോഡീകരിച്ച് രാജ്യമൊട്ടാകെ ഒരേയൊരു നികുതി (ചരക്കുസേവനനികുതി) എന്ന സമ്പ്രദായത്തിലേക്ക് മാറ്റിയിരിക്കുകയാണ്.

ചരക്ക് സേവനനികുതി എന്ന ആശയത്തിന് വിത്തുപാകിയത് 2000-ത്തിലാണ് . ഈ ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ നിയമിച്ച സമിതി നൽകിയ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ 2006-07ൽ അന്നത്തെ ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ ജി.എസ് .ടി. 2010 മുതൽ നടപ്പാക്കുവാനുദ്ദേശിക്കുന്നുവെന്ന് പ്രത്യാശ പ്രകടിപ്പിച്ചു. ഇതിലേക്കായി സംസ്ഥാന ധനകാര്യ മന്ത്രിമാരടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതി രൂപവത് കരിക്കുകയും ചെയ്തു. ഈ അധികാര സമിതി നിയോഗിച്ച പ്രത്യേക അതിവിദഗ്ദ്ധ സംഘം അഭിപ്രായങ്ങൾ സ്വരൂപിക്കുകയും പഠനങ്ങൾ നടത്തുകയും വിവിധ കേന്ദ്ര-സംസ്ഥാന ഗവേഷണ-വ്യവസായ സംഘടനകളുമായി ചർച്ചകളും കൂടിക്കാഴ്ചകളും നടത്തുകയും ചെയ്തു.

ജി.എസ് .ടി. യുടെ കരട് ബിൽ ഒദ്യോഗികമായി122-ാം ഭരണഘടനാ ഭേദഗതി ബിൽ 2014 എന്നാണ് അറിയപ്പെടുന്നത് . നികുതി സംബന്ധിച്ച കേന്ദ്ര - സംസ്ഥാന അധികാരങ്ങൾ നമ്മുടെ ഭരണഘടന കൃത്യമായി നിർവചിച്ചിട്ടുണ്ട് മദ്യം, മയക്കുമരുന്ന് മുതലായവ ഒഴിച്ചുള്ള എല്ലാ നിർമിത ഉത് പന്നങ്ങൾക്കും നികുതി ചുമത്തുവാനുള്ള അധികാരം കേന്ദ്ര സർക്കാറിൽ നിക്ഷിപ്തമാണ് . എല്ലാ കച്ചവട സംബന്ധിയായ ഇടപാടുകളിലും വില്പന നികുതി ചുമത്തുവാനുള്ള അധികാരം സംസ്ഥാനങ്ങൾക്കായി ഭരണഘടന നീക്കിവെച്ചിരിക്കുന്നു. എന്നാൽ അന്തസ്സംസ്ഥാന വില്പന നികുതി (സി.എസ് .ടി.) ചുമത്തുവാനുള്ള അധികാരം കേന്ദ്ര സർക്കാറിനാണ് . ഈയിനത്തിൽ ഈടാക്കപ്പെടുന്ന നികുതി ഉത്ഭവ സംസ്ഥാനം തന്നെ കൈവശം വെയ്ക്കുകയാണ് പതിവ് . സേവന നികുതി (Service Tax) ഈടാക്കുവാനുള്ള അധികാരവും കേന്ദ്ര സർക്കാറിൽ നിക്ഷിപ്തമാണ് . ഇറക്കുമതിയും കയറ്റുമതിയുമായി ബന്ധപ്പെട്ട് വിനിമയങ്ങൾ നടക്കുമ്പോൾ നികുതി ചുമത്തുവാനുള്ള അധികാരം സംസ്ഥാന സർക്കാറുകൾക്കില്ലാത്തതിനാൽ ഇതിലേക്കുള്ള നികുതി കേന്ദ്ര സർക്കാർ അധികതീരുവയായി ഇറക്കുമതി/കയറ്റുമതി തീരുവയ്ക്കൊപ്പം ഈടാക്കുന്നു. ഇത് സംസ്ഥാനങ്ങൾ ഈടാക്കുന്ന എക് സൈസ് നികുതി (മദ്യത്തിനും മറ്റുമുള്ളത്), വില്പനനികുതി മുതലായ മറ്റു സംസ്ഥാന നികുതികളുമായി പ്രതിതുലനം ചെയ്യപ്പെടുന്നു

ചരക്കുകളും സേവനങ്ങളും വിനിമയം ചെയ്യപ്പെടുമ്പോഴാണ് ജിഎസ് ടി നിലവിൽവരുന്നത് . നിലവിൽ ഇത് ഉത്പാദനം, കച്ചവടം (Sales), സേവനം (Service) മുതലായവ നടക്കുമ്പോൾ യഥാക്രമം എക്സൈസ് തീരുവ, സെയിൽസ് ടാക്സ് , സർവീസ് ടാക്സ് എന്നിങ്ങനെയാണ് ഈടാക്കിവരുന്നത് . നിലവിൽ ഉത് പാദന സംസ്ഥാനത്തിന് പ്രഥമ പരിഗണന ലഭിക്കുമ്പോൾ ജിഎസ് ടി വരുന്നതോടെ ഉപഭോഗ സംസ്ഥാനത്തിന് പ്രാധാന്യം ലഭിക്കുന്നു. അതായത് , ചരക്ക് സേവനങ്ങൾ ഉപയോഗിക്കുന്ന സംസ്ഥാനങ്ങൾക്ക് കൂടുതൽ പ്രാധാന്യവും നികുതിയും ലഭിക്കുമെന്ന് അർഥം. നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ വിവിധ നിയമങ്ങളിലൂടെ പലപേരിൽ പലതരം നികുതികൾ ഈടാക്കുമ്പോൾ, ജിഎസ് ടി എന്ന ഏക നിയമസംഹിതാ സമ്പ്രദായത്തിലൂടെ കേന്ദ്രവും സംസ്ഥാനങ്ങളും പരോക്ഷനികുതി ഇനിമുതൽ ഈടാക്കുന്നതാണ്

### സി.ജി.എസ് .ടി.യും എസ് .ജി.എസ് .ടി.യും (CGST & SGST)

നികുതി നിർവചനത്തിൽ വരുന്നതും നിയമംമൂലം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതും ഒരു നിശ്ചിതമൂല്യത്തിന് മുകളിൽ മതിപ്പുവിലയുള്ളതും സംസ്ഥാനത്തിനുള്ളിൽ നടക്കുന്നതുമായ ചരക്ക് , സേവന വിനിമയങ്ങൾക്ക് സെൻട്രൽ ഗുഡ് സ് ആൻഡ് സർവീസ് ടാക്സ് (സി.ജി.എസ് .ടി.) എന്ന കേന്ദ്ര ചരക്ക് സേവന നികുതിയും സ്റ്റേറ്റ് ഗുഡ് സ് ആൻഡ് സർവീസ് ടാക്സ് (എസ് .ജി.എസ് .ടി.) എന്ന സംസ്ഥാന ചരക്ക് സേവന നികുതിയും ജിഎസ് ടി കൗൺസിൽ വ്യവസ്ഥചെയ്ത നിരക്കിൽ ചുമത്തപ്പെടുന്നതാണ്

നിമയങ്ങളെ സസൂക്ഷ്മം നിരീക്ഷിക്കുന്നതിനും അതിലൂടെ ഉപഭോക് തൃ സംസ്ഥാനങ്ങൾക്ക് ജി.എസ് .ടി. വിവക്ഷിക്കുന്ന അർഹമായ നികുതിവഹിതം (എസ് .ജി.എസ് .ടി.) ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകകൂടി ചെയ്യുന്നു, പുതിയ ഈ സംയോജിത നികുതിസമ്പ്രദായം. ഇതിലും പരസ്പരം (അതായത് CGST-SGST-IGST തമ്മിൽ) ക്രെഡിറ്റ് എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ് (Input Tax Credit). കേന്ദ്രം ഈടാക്കുന്ന ഐ.ജി.എസ് .ടി. നിശ്ചിത കാലയളവുകളിൽ അതത് സംസ്ഥാന സർക്കാറുകൾക്ക് അർഹമായ രീതിയിൽ നൽകി കണക്ക് ക്രമപ്പെടുത്തണമെന്നും വ്യവസ്ഥചെയ്യപ്പെടുന്നതാണ്




അതുപോലെ സംസ്ഥാനനികുതിയിൽ (എസ് .ജി.എസ് .ടി.) ഉപയോഗിക്കപ്പെട്ടിരിക്കുന്ന ഐ.ജി.എസ് .ടി. ക്രെഡിറ്റ് വിഹിതം അതത് ഉപഭോക് തൃ സംസ്ഥാനസർക്കാറുകൾ കേന്ദ്രത്തിന് നൽകണമെന്നും വ്യവസ്ഥചെയ്യപ്പെടും. അന്താരാഷ്ട്ര ചരക്ക് സേവന വിനിമയങ്ങൾ (കയറ്റുമതി - ഇറക്കുമതി) അന്തസ്സംസ്ഥാന ഗണത്തിലായിരിക്കും കൈകാര്യം ചെയ്യപ്പെടുക. ആയതിനാൽ ഇവയ്ക്ക് കസ്റ്റംസ് തീരുവയ്ക്കുപുറമെ ഐ.ജി.എസ് .ടി.യും ബാധകമായിരിക്കും. നികുതിനിരക്കുകൾ കേന്ദ്ര-സംസ്ഥാന പരസ്പരധാരണയിൽ ജി.എസ് .ടി. കൗൺസിലായിരിക്കും തീരുമാനങ്ങളെടുക്കുക.

### സംയോജിത ഐ.ജി.എസ് .ടി (IGST)

സ്റ്റോക്ക് ട്രാൻസ് ഫർ അടക്കമുള്ള അന്തസ്സംസ്ഥാന ചരക്ക് സേവന വിനിമയങ്ങൾക്ക് ഐ.ജി.എസ് .ടി (Integrated Goods & Service Tax) എന്നപേരിൽ ഒരു പുതിയ കേന്ദ്രനികുതിവ്യവസ്ഥയാണ് നിർദേശിക്കപ്പെട്ടിരിക്കുന്നത് . കേന്ദ്രസർക്കാർ ഈടാക്കുന്ന ഐ.ജി.എസ് .ടി. ഒരു പ്രത്യേക നിയമമായിട്ടാണ് നിലകൊള്ളുക. സി.ജി.എസ് .ടി. യും എസ് .ജി.എസ് .ടി.യും കൂടിച്ചേർന്ന ഒരു സംയുക്ത നികുതിയാണ് ഐ.ജി.എസ് .ടി., ആയതിനാൽ ഐ.ജി.എസ് .ടി. നൽകേണ്ടിവരുന്ന ദാതാക്കൾ സി.ജി.എസ് .ടി.യും എസ് .ജി.എസ് .ടി.യും അടയ്ക്കേണ്ടതില്ല. അന്തസ്സംസ്ഥാന വി

കേന്ദ്രസർക്കാർ ഈടാക്കിക്കൊണ്ടിരിക്കുന്ന സെൻട്രൽ എക്സൈസ് നികുതി, സർവീസ് ടാക്സ് , സി.വി.ഡി.-എസ് .എ.ഡി. മുതലായ അഡീഷണൽ നികുതികൾ, സെസ്സ് , സർചാർജ് മുതലായവയും സംസ്ഥാന നികുതികളായ വില്പനനികുതി, സി.എസ് .ടി., പർച്ചേസ് നികുതി, ലക് ഷറി ടാക്സ് , എന്റർടെയ് ൻമെന്റ് ടാക്സ് , പ്രവേശനനികുതി, പരസ്യനികുതി മുതലായവയും ജി.എസ് .ടി. നിയമത്തോടെ ഇല്ലാതാക്കപ്പെടു എന്നാൽ, പെട്രോൾ, ഡീസൽ, മദ്യം, വൈദ്യുതി, ഭൂമി-കെട്ടിടം മുതലായവയുടെ ഇടപാടുകൾ എന്നിവയ്ക്ക് ജിഎസ് ടി നിയമങ്ങൾ ബാധകമല്ല.

(തുടരും)



*അപൂർവ ത്വക്ക് രോഗംമൂലം ക്ലേശിക്കുന്ന ചേലക്കര സ്വദേശിനി പ്രീതിക്ക് ചെറുതുരുത്തി ജ്യോതി എൻജിനിയറിംഗ് കോളജ് വിദ്യാർഥികളും അധ്യാപകരും സ്വരൂപിച്ച തുക പ്രിൻസിപ്പൽ റവ.ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സിഎംഐ കൈമാറുന്നു. അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, അഡ്മിനിസ്ട്രേറ്റർ തോമസ് മാത്യു തുടങ്ങിയവർ സമീപം.*

# അപൂർവ രോഗത്താൽ തളർന്ന പ്രീതിക്ക് ആശ്വാസമേകി ജ്യോതി എൻജി. കോളജ്

അപൂർവ ത്വക്ക് രോഗംമൂലം ക്ലേശിക്കുന്ന ചേലക്കര സ്വദേശിനി പ്രീതിക്ക് ആശ്വാസമായി ചെറുതുരുത്തി ജ്യോതി എൻജിനിയറിംഗ് കോളജ് വിദ്യാർഥികൾ.

പ്രീതിയുടെ ദുരിതജീവിതം സമൂഹമാധ്യമങ്ങളിലൂടെ അറിഞ്ഞ പ്രിൻസിപ്പൽ റവ. ഡോ. ജെയ്സൺ പോൾ മുളേരിക്കലൽ സിഎംഐയാണ് അക്കാര്യം വിദ്യാർഥികളുടെ ശ്രദ്ധയിൽ പെടുത്തിയത്. കോളജിന്റെ ഓൺലൈൻ നോട്ടീസ് ബോർഡിൽ ഒരു നോട്ടീസ് ഇട്ടു - നമുക്കൊന്നു സഹായിച്ചാലോ. പ്രീതിയുടെ വീട് നമ്മുടെ തൊട്ടടുത്താണ്. ചേലക്കരയിൽ. പ്രതികരണം വലുതായിരുന്നു. സ്റ്റാഫും കുട്ടികളും പിടിഎയും കൈകോർത്തപ്പോൾ ഒറ്റദിവസംകൊണ്ടു സമാഹരിച്ചത് 1.10 ലക്ഷം രൂപ. എൻഎസ്എസും കോളജ് യൂണിയനും യജ്ഞത്തോടു സഹകരിച്ചു.

ഒട്ടും വൈകാതെ അധ്യാപകരും വിദ്യാർഥികളും മാനേജ്മെൻറും ചേർന്ന് പ്രീതിയെ സ്നേഹപൂർവം കോളജിലേക്കു സ്വീകരിച്ചു കൊണ്ടുവന്നു. സമാഹരിച്ച തുകയും കൈമാറി.

ചേലക്കര പങ്ങാരപ്പിള്ളി സ്വദേശിനിയാണ് അപൂർവ ത്വക്ക് രോഗംമൂലം കഷ്ടപ്പെടുന്ന പ്രീതി. മുഖത്തെ ഉൾപ്പെടെ തൊലി അടർന്നുപോകുന്ന, ഏറെ വേദന സഹിക്കേണ്ടിവരുന്ന അസുഖമാണിത്. പലരും ഭീകരജീവിയെന്നു വിളിക്കുന്നു. പട്ടിണി മാറ്റാൻ എനിക്കൊരു ജോലിതരാമോ എന്ന പ്രീതിയുടെ അഭ്യർഥന ഓൺലൈൻ മാധ്യമങ്ങളിൽ കണ്ടവരുടെയെല്ലാം മനസുലച്ചിരുന്നു. ജനിച്ചപ്പോൾ മുതൽ രോഗത്തിന്റെ പിടിയിലായിരുന്നു പ്രീതി. ഒറ്റപ്പെടലിന്റെയും അവഗണനയുടെയും നടുവിൽ എന്നും നരകതുല്യമായ ജീവിതം. എന്നിട്ടും, ആക്ഷേപങ്ങളിലും പ്രതിസന്ധികളിലും തളരാതെ, ഒരു ബഞ്ചിൽ ഒറ്റയ്ക്കിരുന്ന്, പത്താംക്ലാസ് വരെ പഠിച്ചു. അച്ഛൻ നേരത്തേ മരിച്ചു. അമ്മ കൂലിപ്പണിയെടുത്തുകിട്ടുന്ന തുച്ഛവരുമാനത്തിലായിരുന്നു ജീവിതം.

അമ്മയ്ക്കു പ്രായമേറിയപ്പോഴാണ് ആരെങ്കിലും ജോലിതരുമോ പട്ടിണി മാറ്റാൻ എന്ന ചോദ്യവുമായി പ്രീതി രംഗത്തിറങ്ങിയത്. സാമൂഹികപ്രവർത്തകനായ സുശാന്ത് നിലമ്പൂരാണ് പ്രീതിയുടെ ദുരിതജീവിതം ഫേസ്ബുക്കിലൂടെ പങ്കുവച്ചത്.

ഓൺലൈനിൽ ഏറെ ശ്രദ്ധിക്കപ്പെട്ട പ്രീതിയുടെ കഥയാണ് ജ്യോതിയെ കാരുണ്യപ്രവൃത്തിക്കു പ്രേരിപ്പിച്ചത്. ജ്യോതി പകർന്ന സ്നേഹാനുഭവം പ്രീതിക്കു സന്തോഷം പകർന്നു. വിദ്യാർഥികളിൽ ഒരാളായി, ഒരു സഹോദരിയായി തന്നെ കണ്ടതിലുള്ള സന്തോഷവും സംതൃപ്തിയും അറിയിച്ചാണ് പ്രീതി മടങ്ങിയത്.

ജ്യോതിയിൽ നടന്ന ചടങ്ങിൽ അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, പ്രിൻസിപ്പൽ റവ.ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സിഎംഐ, അഡ്മിനിസ്ട്രേറ്റർ തോമസ് മാത്യു, എൻഎസ്എസ് കോ ഓർഡിനേറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു.



# വിധിയെഴുത്തിന്റെ ചൂടും പുകയും

**അവധൂതൻ**

**വേ**നലും ലോക്സഭാ തെരഞ്ഞെടുപ്പും പൂർവ്വാധികം ചൂടെറിയുന്ന ദിനങ്ങളാണല്ലോ, കടന്നുപോകുന്നത്. അത്യുഷ്ണസാധ്യത, കേരളീയരുടെ പകലുകളെ ഉത്സാഹരഹിതമാക്കിയിരിക്കുന്നു. ക്രയവിക്രയങ്ങളുടെ വേഗം ഇതുമൂലം കുറയുന്നതും കാണാം.

ഏപ്രിൽ 23ന്റെ ബാലറ്റ് പൂരണം കഴിഞ്ഞാലും, ജയ-പരാജയ ചിന്തകളും അവലോകനങ്ങളും സർവേ ചർച്ചകളും ബാലറ്റെണ്ണി തീരുംവരെ തുടരുമെന്നു കരുതാം. ഏതു കക്ഷി അധികാരത്തിലെത്തണമെന്ന അവബോധം ഏറിയപങ്ക് കേരളീയർക്കുമുണ്ട്. തങ്ങൾ കണ്ടെത്തുന്ന കാരണങ്ങളും അതിനവർക്ക് കൂട്ടുണ്ടാകും.

തെരഞ്ഞെടുക്കപ്പെടുന്നവർ ജനപക്ഷത്തു നിൽക്കുന്നവരാകണം എന്നാണ് നാം ആഗ്രഹിക്കുക. ഒരു പരിധിവരെ, മുൻകാല ചിത്രങ്ങളിൽ ജനപ്രതിനിധികൾ അത് തെളിയിച്ചിട്ടുമുണ്ട്. തെരഞ്ഞെടുക്കപ്പെട്ടാൽ മണ്ഡലം മറക്കുന്ന എം.പിമാർ കേരളത്തിൽ കുറവാണ്.

ജനപക്ഷ നയത്തിലൂന്നിയുള്ള ഭരണം വേണമെന്ന് ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അവസരം ജനാധിപത്യ പ്രക്രിയയിൽ ലഭ്യമാകുന്നതാണല്ലോ പൊതു തെരഞ്ഞെടുപ്പുകൾ. നമുക്കു മുന്നിൽ വന്നിട്ടുള്ള ഈ അവസരം, കേരളീയർ എങ്ങനെ പ്രയോജനപ്പെടുത്തുമെന്ന അവലോകനമാണ് അവധൂതന്റെ മുന്നിലുള്ള വിഷയം.

കേരളത്തിലെ 20 ലോക്സഭാ മണ്ഡലങ്ങൾ വിശലകനം ചെയ്യുമ്പോൾ, ഒരു സാധ്യതാ പട്ടിക നിരീക്ഷകർക്ക് തെളിച്ചെടുക്കാനാകും. ധിഷണാശാലികളുടെ സമ്മതിദാനം മുൻപുതന്നെ മനസ്സിൽ രൂപപ്പെട്ടുകഴിഞ്ഞിരിക്കും. ഭൂരിപക്ഷം വരുന്ന സാധാരണക്കാരായ സമ്മതിദായകരെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ പ്രധാനം വൈകാരികതയാണെന്നു പറയാം. രാഷ്ട്രീയകക്ഷികൾ ഈ അവസ്ഥ തങ്ങൾക്കനുകൂലുമാക്കുവാൻ ശ്രമിക്കുന്നതും നാം കാണുന്നുണ്ട്.

ചില സന്ദർഭങ്ങളിൽ വൈകാരിക പ്രകടനം നടത്തിയ മലയാളി, പിന്നീട് പുനർചിന്തനം നടത്തുന്നതും വിവേകത്തോടെ പ്രതികരിക്കുന്നതും ദുർലഭകാഴ്ചയല്ല. അക്ഷരാഭ്യാസമില്ലാത്തവരിൽ പോലും വിവേകം എന്ന ധന്യത കാണപ്പെടുന്നുണ്ട് നമ്മുടെ കേരളത്തിൽ.

സമീപകാലത്തുണ്ടായ വൈകാരിക വിഷയങ്ങൾ എങ്ങനെ സാധാരണ വോട്ടറെ സ്വാധീനിക്കുമെന്ന വിശകലനത്തിൽ, മുമ്പുപറഞ്ഞ വിവേകത്തിന്റെ സ്ഥാനം പ്രാധാന്യമർഹിക്കുന്നു.

അതുകൊണ്ടുതന്നെ, 'തൂത്തുവാരുന്ന' ഒരു തെരഞ്ഞെടുപ്പുഫലം കേരളത്തിൽ ഉണ്ടാകാനിടയില്ല. ചില സർവേകൾ ഇങ്ങനെ കണക്കുകൾ നിരത്തിയിട്ടുണ്ടെന്നത് വിസ്മരിക്കുന്നില്ല.

ഒരു പ്രത്യേക ചിഹ്നത്തോട് കൂറില്ലാത്തവരാണ് ജയ-പരാജയ നിർണയത്തിൽ പ്രധാന പങ്കുവഹിക്കുക. വൈകാരികതയും യാഥാർഥ്യവും വിവേകവും ഇവരെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന പരിചിന്തനം തെരഞ്ഞെടുപ്പു ഫലപ്രവചനങ്ങളെ സഹായിക്കും.

കേരളത്തിന്റെ അവസ്ഥ പരിശോധിക്കാം. മത്സരാർത്ഥികളുടെ ചിത്രങ്ങൾ രൂപപ്പെട്ടതോടെ, പ്രചാരണത്തിന്റെ തുടക്കത്തിൽതന്നെ സമ്മതിദായകരുടെ മനസ്സിൽ, താൻ ആർക്കൊപ്പം എന്ന ധാരണ വരഞ്ഞുകഴിഞ്ഞിരിക്കും. പ്രചാരണംകൊണ്ട്, അതിനെ അട്ടിമറിക്കാവുന്ന സാധ്യത ചെറിയശതമാനം മാത്രമാണ്. ഫലനിർണയത്തിൽ ഇതിനേറെ പ്രാധാന്യമുണ്ടുതാനും.

രാഷ്ട്രീയ-സാമുദായിക-വർഗ-വർണ പരിഗണനകൾ ഓരോ മണ്ഡലത്തേയും സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഇതെഴുതുമ്പോൾ, മറ്റൊരു സാധ്യതയുടെ പ്രഖ്യാപനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധി വയനാട് സീറ്റിൽ മത്സരിച്ചേക്കുമെന്നും തെന്നിന്ത്യയിൽനിന്നും കൂടുതൽ സീറ്റുകൾ നേടുവാൻ കോൺഗ്രസിനെയും ഘടകകക്ഷികളെയും ഇതു സഹായിക്കുമെന്നുമാണ് വാർത്തകൾ.

രാഹുൽ ഗാന്ധിയുടെ വയനാട്ടിലെ സ്ഥാനാർഥിത്വം, മറ്റു കേരള മണ്ഡലങ്ങളിൽ വലിയ ചലനങ്ങൾ ഉണ്ടാക്കുമെന്നു വിചാരിക്കാമോ? പ്രബുദ്ധകേരളം, ഉണ്ടാകാനിടയുള്ള ഈ സാഹചര്യത്തോട് എങ്ങനെ പ്രതികരിക്കുമെന്നത് പ്രവചനാതീതമാണ്.

ഓരോ മണ്ഡലത്തിന്റെയും പ്രത്യേകതകൾ പരിഗണിക്കുമ്പോൾ, ബലാബലപോരാട്ടം എന്ന നിഗമനത്തിലാണ് അവധൂതൻ എത്തിച്ചേരുന്നത്. രാഹുലിന്റെ സ്ഥാനാർഥിത്വം യാഥാർഥ്യമാകുകയാണെങ്കിൽ, ചെറിയ മുൻതൂക്കം കേരളത്തിൽ യുഡിഎഫ് മുന്നണിക്ക് കിട്ടിയേക്കാമെന്നു മാത്രം.

രാഹുൽ ഇല്ലെങ്കിൽ, എൽഡിഎഫ്-യുഡിഎഫ് മുന്നണികൾ ഒപ്പത്തിനൊപ്പമെന്നും എൻഡിഎ പൂജ്യം ആവർത്തിക്കുമെന്നുമാണ് സൂചനകൾ.

Since 1957

28 Branches

# NTC

CARING LIFE

## NEW TRICHUR GROUP OF COMPANIES

New Trichur Bhavan, Near Vilakkumkal Centre, Kandassankadavu, Thrissur 680 613

**0487 - 2630310, 9207704066, 9207704077, 9207704084**

E-mail : mail@newtrichur.com www.newtrichur.com

**GOLD LOAN | BUSINESS LOAN | PROPERTY LOAN**

**FIXED DEPOSIT • RECURRING DEPOSIT • SAVING DEPOSIT**

**BOND • DEBENTURES • INSURANCE • CHITTI**

**Branches of NTC Group**

Mannuthy - 92077 04075 • Thrissur - 92077 04086 • Vengitangu - 92077 04067 • Parappur - 92077 04078 • Guruvayoor - 92077 04064
Valapad - 92077 04079 • Perumpilavu- 92077 04085 • Vadakkenchery- 92077 04071 • Edakazhiyur - 92077 04063 • Kuriachira - 92077 04087
Thrissur (w) Ph: 0487- 2389480 • Kollengode - 92077 04074 • Nenmara - 92077 04073 • Kandassankadavu - 92077 04080 • Mathilakam - 92077 04089
Kodakara - 92077 04065 • Irinjalakuda - 92077 04098 • Pannithadam - 92077 04093 • Koduvayur - 92077 44068 • Edappal - 92077 54068
Vilakkumkal - 92077 98884 • Jammu - 99475 00154 • Faridabad - 92077 44058 • Tirur - 92077 64068 • Palakkad - 92077 98883 • Ponnani 92077 04070
Veliyangode 6238254646 • Opening shortly at Puthanpalli